# ഭദ്രദീപ

## ഭദ്രാവതി രൂപതാബുള്ളറ്റിൻ

**Vol. 13, No. 4** **December, 2019**

Edited & Published by Fr. Sajeesh Mathew Thrikkodanmalil
Bodhana Pastoral Centre, P. B. No. 26,
Bhadravathi-577301, Karnataka
Ph. +919480544440, +91 9483901010
Email; diocese@bhadravathidiocese.org
Website; www.bhadravathidiocese.org

Printed at : Matha Printers, Bangalore
9886809060

*for private circulation only*

# ഉള്ളടക്കം

സർക്കുലർ; സീറോമലബാർ പ്രേഷിതവാരാചരണം......................5

Circular  Year of St. Chavara ..........................................................................9

രൂപതാകച്ചേരി വാർത്തകൾ....................................................... 12

മതബോധന – ബൈബിൾ കമ്മീഷൻ ......................................... 17

ചെറുപുഷ്പ മിഷൻലീഗ് ............................................................ 20

യുവജന പ്രേഷിതത്വം................................................................ 24

സീറോ മലബാർ മാതൃവേദി ....................................................... 25

കുടുംബ പ്രേക്ഷിതത്ത്വം ............................................................ 26

മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി   ................................ 27

Bishop's Diary..............................................................................................29

Bishop's Programme..................................................................................33

Kannada Section.........................................................................................34

# സർക്കുലർ

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

ആരാധനാ ക്രമവത്സരത്തിലെ മംഗളവാർത്തകാലത്തിലേയ്ക്ക് പ്രവേശിക്കുകയാണല്ലോ നാം. ആദിമാതാപിതാക്കൾക്ക് ദൈവം നൽകിയ വാഗ്ദാനം പൂർത്തീകരിച്ചുകൊണ്ട്, സമയത്തിന്റെ പൂർണ്ണതയിൽ ദൈവം മനുഷ്യനായി ഭൂമിയിലേയ്ക്കു കടന്നുവന്നു. രക്ഷകന്റെ കടന്നു വരവിനെക്കുറിച്ചുള്ള, ആഗമനത്തേക്കുറിച്ചുള്ള, മുന്നറിയിപ്പാണ് മംഗളവാർത്ത. സന്തോഷകരമായ ആ വാർത്ത ഇതാണ്: പാപം ചെയ്ത് ദൈവത്തിൽ നിന്ന് അകന്ന, പറുദീസ നഷ്ടമാക്കിയ മനുഷ്യനെ, ദൈവം അവന്റെ ഏകാന്തതയിൽ ഒറ്റയ്ക്കുവിടില്ല. അവന്റെ ദു:ഖങ്ങളിലും, സഹനങ്ങളിലും, പ്രലോഭനങ്ങളിലും നശിക്കാനായി അനുവദിക്കാതെ, ദൈവം അവന്റെ അടുത്തേയ്ക്ക് ഇറങ്ങിവരും. ദൈവത്തെ ഉപേക്ഷിച്ച മനുഷ്യനെ തേടി വരുന്ന ദൈവം! തിന്മയുടെ ശക്തികൾക്കെതിരെ പോരാടാനും, അവയെ പരാജയപ്പെടുത്തുവാനും തനിയേ ശക്തിയില്ലാത്ത മനുഷ്യനോട് ദൈവം ചേർന്നു നിൽക്കുമെന്ന, തിന്മയ്ക്കെതിരേ പോരാടാനും, അതിനെ പരാജയപ്പെടുത്തുവാനും മനുഷ്യന് ശക്തി നൽകുമെന്ന അവിടുത്തേ വാഗ്ദാനം (ഉൽപത്തി: 3/15). ഈ വാഗ്ദാന പൂർത്തീകരണമാണ് ക്രിസ്തുമസ്സിൽ നാം ആഘോഷിക്കുക.

കർത്താവിന്റെ വരവിനായി ഒരുങ്ങുവാൻ ജനത്തെ ആഹ്വാനം ചെയ്തുകൊണ്ട് സ്നാപക യോഹന്നാൻ പറഞ്ഞു: ''കർത്താവിന്റെ വഴി ഒരുക്കുവിൻ; അവന്റെ പാത നേരെയാക്കുവിൻ. താഴ്വരകൾ നികത്തപ്പെടും; കുന്നും മലയും നിരത്തപ്പെടും, വളഞ്ഞ വഴികൾ നേരെയാക്കപ്പെടും, പരുപരുത്തവ മൃദുവാക്കപ്പെടും, സകല മനുഷ്യരും ദൈവത്തിന്റെ രക്ഷ കാണുകയും ചെയ്യും'' (ലൂക്ക: 3: 4–6). രക്ഷകന്റെ ആഗമനത്തേക്കുറിച്ചുള്ള മുന്നറിയിപ്പാണ് മംഗളവാർത്തക്കാലം നമുക്ക് നൽകുന്നത്. രക്ഷകൻ കടന്നുവരുന്നു, അവിടുത്തെ സ്വീകരിക്കാനായി ഒരുങ്ങുക. രക്ഷകനു കടന്നുവരാനായി

നമ്മുടെ ഭവനങ്ങളേയും, ഹൃദയങ്ങളേയും ഒരുക്കുക. അതിനായിപശ്ചാ താപത്തിന്റേയും, മാനസാന്തരത്തിന്റേയും വഴികളിലൂടെ നടന്ന് ജീവിത നവീകരണം സാധിക്കുകക ഇതാണ് മംഗളവാർത്തക്കാലം നമുക്ക് നൽകുന്നസന്ദേശം.

സമയത്തിന്റെ പൂർത്തിയിൽ ദൈവം മനുഷ്യനായി ഈ ഭൂമിയി ലേയ്ക്കു കടന്നുവന്നു. ചരിത്രത്തിൽ ഒരിക്കൽ നടന്ന ഈ കടന്നു വരവി ന്റെ ഓർമ്മയാചരണം മാത്രമല്ല മംഗളവാർത്തക്കാലം നമ്മുടെ മുൻപിൽ വയ്ക്കുക, ഇന്നും നമ്മുടെ ജീവിതത്തിലേയ്ക്കു കടന്നുവരുന്ന, യുഗാന്ത്യത്തിൽ ഇനിയും വരാനിരിക്കുന്ന കർത്താവിന്റെ ആഗമനത്തി നായി, സന്തോഷത്തോടും, പ്രതീക്ഷയോടും കൂടെ തീക്ഷണമായി ഒരുങ്ങാനും ഈ കാലഘട്ടം നമ്മോടാവശ്യപ്പെടുന്നു. 'മണവാളൻ എപ്പോൾ വന്നാലും നമ്മെ ഒരുക്കമുള്ളവരായി കാണണം'. ഇന്ന്, ഈ ദിനം, അവിടുന്ന് നമ്മുടെ ഭവനങ്ങളിലേയ്ക്കും, ഹൃദയങ്ങളിലേയ്ക്കും കടന്നുവന്നാൽ അവിടുത്തെ സ്വീകരിക്കുവാൻ ഒരുക്കമുള്ളവരാണോ നാം? അവിടുത്തേയ്ക്കു തടസ്സം കൂടാതെ കടന്നുവരാനുള്ള വഴി നാം ഒരുക്കിയിട്ടുണ്ടോ? അവിടുത്തേയ്ക്ക് വസിക്കുവാൻ നമ്മുടെ കുടുംബത്തിലും, ഹൃദയങ്ങളിലും ഇടമുണ്ടാകുമോ? പ്രസക്തമാണ് ഈ ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും.

കർത്താവ് കടന്നുവരുന്നു. അവിടത്തെ സ്വീകരിക്കുവാനായി നമുക്ക് ഒരുക്കത്തോടെ ആയിരിക്കം. ഈ മംഗളവാർത്തക്കാലം ഫലദായകമാക്കിത്തീർക്കുവാനുപകരിക്കുന്ന ഏതാനും നിർദ്ദേശങ്ങൾ നിങ്ങളുടെ മുൻപിൽ വയ്ക്കുന്നു:

1) **പ്രാർഥന:** തീവ്രമായ, തീക്ഷ്ണമായ പ്രാർഥനയുടെ ദിനങ്ങളാക്കി നമുക്ക് ഈ ഒരുക്ക ദിനങ്ങളെ മാറ്റാം. ഈശോയ്ക്ക് പ്രാർഥനയെന്നത് പിതാവുമായുള്ള ഒന്നിച്ചിരിപ്പായിരുന്നു. പിതാവിനെ കേൾക്കുന്നതും, അവിടുത്തെ ഇഷ്ടം നിറവേറ്റുന്നതുമായിരുന്നു അവിടുത്തേയുക്കു ജീവിതം. ഈശോ പഠിപ്പിച്ച 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവെ' എന്ന പ്രാർത്ഥന, അവിടുത്തെ ജീവിതത്തിന്റെ സാരസംഗ്രഹമായി രുന്നു. ഈശോ പ്രാർത്ഥിച്ച കാര്യങ്ങൾ അവിടുന്നു ജീവിച്ചു. അവി

ടുത്തേയ്ക്ക് ജീവിതവും പ്രാർഥനയും തമ്മിൽ വ്യത്യാസമില്ലായിരുന്നു. അതുപോലെ തന്നെ, അവിടുത്തെ വാക്കുകളും പ്രവർത്തികളും തമ്മിലും പൊരുത്തക്കേടില്ലായിരുന്നു. നാം പ്രാർത്ഥനയിൽ ഈശോയുടെ മാതൃക അനുകരിക്കേണ്ടിയിരിക്കുന്നു. പിതാവിനോട് കൂടിയായിരിക്കുന്ന, അവിടുത്തെ ഇഷ്ടമറിയുന്ന സ്നേഹാനുഭവമായി പ്രാർത്ഥന നമ്മുക്ക് മാറണം. പ്രാർത്ഥിച്ച കാര്യങ്ങളും, പ്രാർത്ഥനയിലൂടെ വെളിപ്പെടുത്തപെട്ട കാര്യങ്ങളും, എത്ര വില കൊടുത്തും ജീവിക്കുവാൻ പരിശ്രമിക്കണം. അപ്പോൾ നമ്മുടെ ജീവിതങ്ങൾ മാറും; പ്രാർത്ഥന ഫലവത്താകും. ഈ മംഗളവാർത്തക്കാലത്ത് വി. കുർബാനയർപ്പണത്തിൽ കൂടുതൽ സജീവമായും, തീക്ഷ്ണമായും പങ്കെടുത്തുകൊണ്ടും, കുടുംബ പ്രാർഥനയും, വ്യക്തിപരമായ പ്രാർഥനയും, കൂടുതൽ അർഥവത്താക്കിയും പ്രാർത്ഥനാ ജീവിതത്തിൽ വളരുവാൻ നമുക്ക് കഴിയട്ടെ.

2) **ദൈവവചനം:** ഈ ഒരുക്കത്തിന്റെ ദിനങ്ങളിൽ ദൈവവചനത്തിന് നമുക്ക് ജീവിതത്തിൽ കൂടുതൽ പ്രാധാന്യം കൊടുക്കാം. ദൈവ വചനം വായിക്കുന്നതിനും, ധ്യാനിക്കുന്നതിനും, അതനുസരിച്ച് ജീവിക്കുന്നതിനും നമുക്ക് കൂടുതലായി പരിശ്രമിക്കാം. കർത്താവിന്റെ മനുഷ്യാവതാരത്തോട് ബന്ധപ്പെട്ട പഴയനിയമ–പുതിയനിയമ ഭാഗങ്ങൾ പ്രത്യേകമായ വായനയ്ക്കും, ധ്യാനത്തിനും നാം വിഷയമാക്കണം.

3) **ഹൃദയങ്ങളുടെ ഒരുക്കം:** കർത്താവിന്റെ വരവിനായിനമ്മുടെ ഹൃദയങ്ങളും, ഭവനങ്ങളും ഒരുക്കപ്പെടണം. കർത്താവിന് കടന്നുവരുവാൻ തടസ്സമായി നിൽക്കുന്നവയെല്ലാം നമ്മുടെ ഹൃദയങ്ങളിൽ നിന്നും, ഭവനങ്ങളിൽ നിന്നും നീക്കി കളയുവാൻ നമ്മുകഴിയണം. നമ്മുടെ കുടുംബങ്ങൾ സ്നേഹത്തിന്റെയും, കാരുണ്യത്തിന്റെയും, ഐക്യത്തിന്റെയും, ഒപ്പം സത്യത്തിന്റെയും, നീതിയുടെയും വിളനിലങ്ങളായി മാറണം. ഇവയ്ക്കുനിരക്കാത്തതെല്ലാം കർത്താവിന്റെ കടന്നുവരവിന് തടസ്സം സൃഷ്ടിക്കും. നമ്മുടെ ഹൃദയങ്ങളെയും ദൈവസന്നിധിയിൽ തുറന്നു വയ്ക്കാം. അവിടെ കർത്താവിന് ഇടമുണ്ടോ എന്ന് പരിശോധിക്കം. ഈശോയുടെ കടന്നു വരവിന് തടസ്സമായ എല്ലാ മനോഭാവങ്ങളെയും – സ്വാർഥഭാവം, അസൂയ,

അഹങ്കാരം, കാപട്യം, അശുദ്ധി – തുടച്ചുമാറ്റി നന്മകൊണ്ടു നിറയട്ടെ നമ്മുടെ ഹൃദയങ്ങൾ! നന്നായി ഒരുങ്ങിയുള്ള ഒരു നല്ലകുമ്പസാരത്തിലൂടെ ഹൃദയങ്ങളെ കർത്താവിനായി ഒരുക്കുവാൻ മംഗളവാർത്തക്കാലത്തിൽ നമുക്ക് കഴിയണം.

4) **പഠിപ്പിക്കുക:** ഈ മംഗളവാർത്തക്കാലത്തിൽ നാം ചെയ്യേണ്ട മറ്റൊരു നല്ല കാര്യം, മുതിർന്നവരായിട്ടുള്ളവരും, മാതാപിതാക്കളും തങ്ങളുടെ ഇളം തലമുറയ്ക്കും, മക്കൾക്കും ദൈവത്തിന്റെ സ്നേഹത്തേക്കുറിച്ചും, കാരുണ്യത്തേക്കുറിച്ചും, മനുഷ്യാവതാരത്തേക്കുറിച്ചും, വിശുദ്ധരുടെ ജീവിതത്തേക്കുറിച്ചും ഒക്കെ നല്ല കാര്യങ്ങൾ, നല്ല കഥകൾ പറഞ്ഞു കൊടുക്കുക എന്നുള്ളതാണ്. ഇന്ന് നാം എവിടെ തിരിഞ്ഞാലും, മുഖ്യധാര മാധ്യമങ്ങളിലും, സാമൂഹ്യ മാധ്യമങ്ങളിലും എല്ലാം നിഷേധാത്മകങ്ങളും, ജീർണ്ണിച്ചതുമായ വാർത്തകളും, സംഭവങ്ങളുമേ കാണുവാനും, കേൾക്കുവാനുമുള്ളു. സത്യമറിയിക്കുക എന്നതിലുപരി, തെറ്റിദ്ധരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണോ പല മാധ്യമങ്ങളും പ്രവർത്തിക്കുക എന്ന് ശങ്കിക്കേണ്ടിവരുന്നു പലരുടേയും പ്രവർത്തനങ്ങൾ കാണുമ്പോൾ. ഇവ നമ്മുടെ കുടുംബവേദികളേയും, വ്യക്തി ജീവിതത്തേയും, ഏറെ ദുഷിപ്പിക്കുന്നു, മലീമസമാക്കുന്നു. അതുകൊണ്ട് നമുക്ക് നല്ല വാർത്തകളുടെ, നന്മയുടെ വാർത്തകളുടെ പ്രചാരകരാകാം. ദൈവീക നന്മകളേയും, മനുഷ്യരിലുള്ള നന്മകളേയും കാണുവാനും, അനുഭവിക്കുവാനും, പ്രചരിപ്പിക്കുവാനും നമുക്ക് കഴിയട്ടെ!


5) **പ്രഘോഷിക്കുക:** അസാധാരണ മിഷൻ മാസത്തിൽ, പരിശുദ്ധ പിതാവ് നമ്മെ ഓർമ്മിപ്പിച്ചു, നാം ഓരോരുത്തരും മാമ്മോദീസാ നൽകി അയയ്ക്കപ്പെട്ടവരാണെന്ന്. ക്രിസ്തുമസ്സിനായുള്ള ഈ ഒരുക്കത്തിന്റെ ദിനങ്ങൾ സുവിശേഷ സന്ദേശം കൈമാറാനുള്ള സുവർണ്ണാവസരമാക്കി നമുക്ക് മാറ്റാം. എത്രയോ പേരെയാണ് നാം ഈ ദിവസങ്ങളിൽ കത്തുകളിലൂടെയും, കാർഡുകളിലൂടെയും, ഫോണിലൂടെയും ആശംസകൾ അറിയിക്കുക. നമ്മുടെ ആശംസാ സന്ദേശങ്ങൾ ദൈവസ്നേഹം പങ്കുവച്ചു കൊടുക്കുന്നതും, സുവിശേഷ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതുമാകട്ടെ.

ഒരു ദൈവവചനമെങ്കിലും ഉൾക്കൊള്ളിക്കാതെ ഒരു ആശംസാ സന്ദേശവും ഈ ക്രിസ്തുമസ് കാലത്ത് നാം കൈമാറില്ല എന്ന് നമുക്ക് തീരുമാനിക്കാം, നടപ്പാക്കാം.

**6) പാവങ്ങളോടുള്ള കരുതൽ:** കാലിത്തൊഴുത്തിന്റെ ദാരിദ്ര്യത്തിൽ പിറന്നുവീണ ഈശോയുടെ പിറവിത്തിരുന്നാൾ ആഘോഷിക്കുവൻ നാം ഒരുങ്ങുമ്പോൾ, പാവപ്പെട്ടവരെ നമുക്ക് മറക്കാതിരിക്കം. ഈ മംഗളവാർത്തക്കാലത്തെ നമ്മുടെ ത്യാഗത്തിന്റേയും, പ്രായശ്ചിത്തത്തി ന്റേയും ഒക്കെ ഫലങ്ങൾ ഒരുമിച്ചുകൂട്ടി, കഷ്ടതയനുഭവിക്കുന്ന ഒരു കുടുംബത്തിനെങ്കിലും ക്രിസ്തുമസ്സിന്റെ സന്തോഷം പകരുവാൻ നമുക്ക് കഴിയണം!

പ്രിയ സഹോദരങ്ങളെ, നമ്മുടെ കർത്താവിന്റെ ആഗമനം സമീപിച്ചി രിക്കുന്നു. നമുക്ക് ഒരുങ്ങാം, അവിടത്തെ സ്വീകരിക്കുവാൻ. നമ്മുടെ ഭവനങ്ങളും, ഹൃദയങ്ങളും ഏറെ മനോഹരമായി അവിടുത്തേയ്ക്കയി നമുക്കൊരുക്കാം. അങ്ങനെ സമയത്തിന്റെ പൂർണ്ണതയിൽ അവി ടുന്ന് നമ്മുടെ ഹൃദയങ്ങളിലും, ഭവങ്ങളിലും വന്ന് പിറക്കട്ടെ! ‘‘ദൈ വം നമ്മോടുകൂടെ’’ എന്ന ക്രിസ്തുമസ്സ് അനുഭവം നമ്മിലൂടെ ഈ ലോകത്തിൽ തുടരട്ടെ! ഏവർക്കും നല്ല ഒരുക്കത്തിന്റെ നാളുകളും, ഏറ്റം അനുഗ്രഹപൂർണ്ണമായ ക്രിസ്തുമസ്സും നേരുന്നു! പുൽക്കൂട്ടിൽ പിറന്ന ഉണ്ണിയീശോ നമ്മെയെല്ലവരേയും ധാരാളമായനുഗ്രഹിക്കട്ടെ!

ഈശോയിൽസ്നേഹപൂർവ്വം,



**മാർ ജോസഫ് അരുമച്ചാടത്ത്**
ഭദ്രാവതിരൂപതയുടെ മെത്രാൻ

# സർക്കുലർ

## സീറോമലബാർ പ്രേഷിതവാരാചരണം

*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് കർദി നാൾ മാർ ജോർജ്ജ് ആലഞ്ചേരിതന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പി തർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ.*

മിശിഹായിൽ പ്രിയസഹോദരീസഹോദരന്മാരേ,

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനപ്രകാരം ആഗോള സഭയിൽ 2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിത മാസമായി ആഘോഷിച്ചിരുന്നുവല്ലോ. സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ ആഹ്വാനം ചെയ്തുകൊണ്ട് 1919 നവംബറിൽ ഭാഗ്യസ്മരണാർഹനായ ബെനഡിക്ട് 15–ാമൻ പാപ്പാ പുറപ്പെടുവിച്ച 'മാക്സിമുംഇല്ലൂദ്' എന്ന അപ്പസ്തോലിക ലേഖനത്തിന്റെ ശതാബ്ദിവർഷം പ്രമാണിച്ചായിരുന്നു ഫ്രാൻസിസ് മാർപാപ്പ അസാധാരണ പ്രേഷിത മാസാചരണത്തിന് ആഹ്വാനം ചെയ്തത്. ആഗോള കത്തോലിക്കാസഭ മുഴുവനിലും ആചരിച്ച ഈ പ്രേഷിത മാസം നമ്മിലെ പ്രേഷിത തീക്ഷ്ണതയെ ഉജ്ജ്വലിപ്പിക്കുവാനും പ്രേഷിത പ്രവർത്തനങ്ങൾ കൂടുതൽകാര്യക്ഷമമാക്കാനും അതിനുവേണ്ട നൂതനാ ശയങ്ങൾ ഉൾക്കൊള്ളുവാനും സഹായകമായിരുന്നു. അതിന്റെ തുടർച്ച യെന്ന നിലയിൽ വേണം 2020 ജനുവരി 6–ാം തീയതി മുതൽ 12–ാം തീയതിവരെയുള്ള ദിവസങ്ങളിൽ ഈ വർഷത്തെ പ്രേഷിതവാരം സീറോ മലബാർ സഭയിൽ ആചരിക്കേണ്ടത്.

'മിഷനെ അറിയുക, മിഷനറിയാവുക' എന്ന ആദർശവാക്യത്തെ പ്രായോഗിക തലങ്ങളിലെത്തിച്ച് പ്രേഷിതവാരാചരണം കൂടുതൽ അർത്ഥപൂർണ്ണമാക്കുവാൻ മാമ്മോദീസ സ്വീകരിച്ച എല്ലാവർക്കും കടമയുണ്ട്. സീറോ മലബാർ സഭയക്ക് ഭാരതം മുഴുവനിലും ലഭിച്ചി രിക്കുന്ന അജപാലന സുവിശേഷ പ്രഘോഷണദൗത്യം നമ്മുടെ

ഉത്തരവാദിത്വത്തെ കൂടുതൽ വർദ്ധിപ്പിച്ചിരിക്കുന്നു. അസാധാരണ പ്രേഷിതമാസം പ്രഖ്യാപിച്ചുകൊണ്ട് നൽകിയ കത്തിൽ പരിശുദ്ധ പിതാവ് ഓർമ്മിപ്പിച്ചതുപോലെ ഒരു സഭയെന്ന നിലയിലും ക്രൈസ്തവർ എന്ന നിലയിലും നമ്മുടെ പ്രേഷിതദൗത്യ നിർവ്വഹണത്തിൽ തികഞ്ഞ തീക്ഷ്ണ തയും നിതാന്ത ജാഗ്രതയും അനിവാര്യമാണ്. പ്രേഷിത പ്രവർത്തനം സാധ്യമാക്കുന്നതിനായി സുരക്ഷിത മേഖലകൾ തേടിപ്പോകുന്ന പ്രവണ തയെ ഉപേക്ഷിക്കുവാനും സമ്പന്നവും ശോഭനവുമായ ഭൂതകാല സ്മര ണകളിൽ മയങ്ങി ജീവിക്കാതെ ഭാവികർത്തവ്യങ്ങളുടെ വിളഭൂമിയിലേക്ക് കർമ്മധീരരായി പ്രേഷിത തീക്ഷ്ണതയോടെ പ്രവേശിക്കുവാനും നാം ഉത്സുകരാകണം. വ്യക്തികളും സമർപ്പിത സമൂഹങ്ങളും ഇടവകകളും രൂപതകളും ഈ പ്രേഷിത പ്രബുദ്ധത ഉൾക്കൊള്ളണം. നമ്മുടെ സഭയ്ക്ക് ഭാരതം മുഴുവനിലും ലഭിച്ചിരിക്കുന്ന പ്രേഷിത സാധ്യതകളും കടമകളും ഫലപ്രദമായി നിർവ്വഹിക്കുവാൻ ഈ വർഷത്തെ പ്രേഷിതവാരാചരണം എല്ലാവരെയും ശക്തിപ്പെടുത്തണം

ഭാരത സഭയുടെ പ്രേഷിതപ്രവർത്തനം ഏറ്റവും സഫലമായി മുന്നോട്ടു പോകുന്നതിന്റെ പ്രധാന കാരണം നമ്മുടെ സഭയിലെ വൈദികരുടെയും സമർപ്പിതരുടെയും മിഷൻ തീക്ഷ്ണതയാണ്. ഈ അവസരത്തിൽ, ഭാരതത്തിലും ഭാരതത്തിനു പുറത്തും സുവിശേഷ പ്രഘോഷണത്തിൽസധൈര്യംവ്യാപൃതരായിരിക്കുന്നഅഭിവന്ദ്യപിതാക്ക ന്മാരെയും മിഷനറി വൈദികരെയും സമർപ്പിതരെയും അല്മായ പ്രേഷിതരെയും നന്ദിയോടെ ഓർക്കുന്നു. നമ്മുടെ ജീവിതാ ന്തസ് എന്താണെങ്കിലും പ്രവർത്തന മേഖല എവിടെയാണെങ്കിലും മാമ്മോദീസ സ്വീകരിച്ചവരെന്ന നിലയിൽ പ്രേഷിതാഭിമുഖ്യത്തിൽ വളരാ നും കൂടെയുള്ളവരെ വളർത്താനുമുള്ള ഉത്തരവാദിത്വവും വിളിയും നമുക്കുണ്ട്. 2019– ലെ മിഷൻ ഞായർ സന്ദേശത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞുവയ്ക്കുന്നതും ഇതുതന്നെയാണ്. നമുക്ക് ലഭിച്ചിരിക്കുന്ന ദൈവിക ജീവൻ വില്പനയ്ക്കുള്ള ഒരു ഉത്പന്നമല്ല. പിന്നെയോ, അത് നൽകപ്പെടാനും പങ്കുവയ്ക്കപ്പെടാനും പ്രഘോഷിക്കപ്പെടാനുമുള്ള ഒരു നിധിയാണ്. മിഷൻ എന്നതിന്റെ ശരിയായ അർത്ഥം ഇതാണ്. ഈ ദൈവിക ജീവൻ നമുക്ക് ദാനമായി ലഭിച്ചതാണ്. വിശുദ്ധ മത്തായിയുടെ സുവിശേഷം 10–ാം അദ്ധ്യായം 8–ാം

വാക്യത്തിൽ പറയുന്നതുപോലെ 'ദാനമായി നമുക്ക് ലഭിച്ചത് ദാനമായി നൽകണം'.

നമ്മുടെ സഭയിലെ മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും മിഷനുകളെ സഹായിക്കാനുമായി സീറോ–മലബാർ മിഷൻ ഫണ്ട് എന്ന പദ്ധതി സീറോ മലബാർ സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന കാര്യം ഓർമ്മപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. സുവിശേഷവത്കരണവും ഭാവിയിലേക്കുള്ള മിഷൻ പ്രവർത്തനത്തിനായി വൈദിക–സന്യാസാന്തസ്സിൽ പ്രവേശിക്കുന്നവരുടെ പരിശീലനവും ലക്ഷ്യമാക്കിയാണ് ഈ ഫണ്ട് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഈ ഫണ്ടു വഴി പ്രേഷിത പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള സഹായങ്ങൾ നൽകിവരുന്നു. പ്രേഷിതവാരാചരണത്തോടനുബന്ധിച്ച് നമ്മുടെ സഭാംഗങ്ങളിൽ നിന്നും സ്വീകരിക്കുന്ന സംഭാവനയാണ് ഈ കർമ്മ പരിപാടികൾക്കായി പ്രയോജനപ്പെടുത്തുന്നത്.

ഈ പ്രേഷിതവാരാചരണത്തിലും തുടർന്നുള്ള പ്രേഷിത ജീവിതത്തിലും ചെയ്യേണ്ട ചിലകാര്യങ്ങൾ ഈയവസരത്തിൽ ഓർമ്മപ്പെടുത്തട്ടെ. സുവിശേഷ സന്ദേശത്തിന്റെ പ്രചാരണത്തിനായി മാധ്യമങ്ങളെ കൂടുതലായി പ്രയോജനപ്പെടുത്തണം. സോഷ്യൽ മീഡിയയുടെ ഉപയോഗം പതിന്മടങ്ങു വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് അവയെ വളരെ ഫലപ്രദമായ രീതിയിൽ സുവിശേഷ സന്ദേശത്തിന്റെ വ്യാപനത്തിനായി പ്രയോജനപ്പെടുത്തണം. സഭയുടെ മിഷൻ പ്രവർത്തനങ്ങളോടുബന്ധപ്പെട്ടുള്ള ചർച്ചകൾ, സമ്മേളനങ്ങൾ, സംവാദങ്ങൾ, സെമിനാറുകൾ, പ്രേഷിതയാത്രകൾ എന്നിവ ഇടവകതലത്തിലും രൂപതാതലത്തിലും സംഘടിപ്പിക്കണം. മിഷൻ പ്രവർത്തനങ്ങൾക്കായി തീക്ഷ്ണതയുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കണം. നമ്മൾ എവിടെയായിരുന്നാലും ഏതു സാഹചര്യത്തിലായിരുന്നാലും ഭയമില്ലാത്ത മിഷനറിമാരായിരിക്കുവാൻ മിശിഹാ നമ്മെ ക്ഷണിക്കുന്നു (അപ്പ 1:8).

സുവിശേഷത്തിന്റെ സന്തോഷം പങ്കുവയ്ക്കാനുള്ള അവസരങ്ങൾ നാം തന്നെ കണ്ടെത്തി വളർത്തണം. മിഷൻ പ്രദേശങ്ങളിൽ നിന്നുള്ള വാർത്തകൾ നമ്മുടെ ഇടവകകളിൽ അറിയുന്നതിനുള്ള സംവിധാനമുണ്ടാകണം. സഭാമക്കൾ തങ്ങളുടെ ക്രൈസ്തവവിളിയിൽ നി

ക്ഷിപ്തമായ പ്രേഷിത കടമയെ നിരന്തരം വിചിന്തനത്തിനു വിധേയ മാക്കുകയും ദൈവം കനിഞ്ഞു നൽകിയ സ്വകാര്യസമ്പത്തിന്റെയും സമയത്തിന്റെയും ഒരു ഭാഗം സഭയുടെ പ്രേഷിതപ്രവർത്തനത്തിനായി ഔദാര്യത്തോടെ വിനിയോഗിക്കുവാൻ തയ്യാറാകുകയും വേണം.

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ പ്രേഷി തതീക്ഷ്ണത സ്വായത്തമാക്കി ധീരോദാത്തമായ സുവിശേഷ പ്രഘോ ഷണത്തിലൂടെ നമ്മുടെ കർത്താവിന്റെ മൗതിക ശരീരമായ സഭയു ടെവളർച്ചയും ഉത്തരോത്തരമുള്ള ഉന്നമനവും ലക്ഷ്യമാക്കി നമുക്ക് ഒന്നായിമുന്നോട്ട് നീങ്ങാം.

*കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2019–ാം ആണ്ട് നവംബർമാസം 5–ാം തീയതി നൽകപ്പെട്ടത്.*

മിശിഹായിൽ സ്നേഹപൂർവ്വം,

**കർദിനാൾ ജോർജ്ജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

# CIRCULAR

## Year of St. Chavara

*GEORGE CARDINAL ALENCHERRY, the Major Archbishop of the Syro-Malabar Church, to the Archbishops, Bishops, Priests, Consecrated Men and Women and Lay Faithful of the Syro-Malabar Church.*

Beloved Brothers and Sisters in Our Lord,

The year 2020 is a holy year of commemoration of St. Kuriakose Elias Chavarain the Syro-Malabar Church. After an active and saintly life, St. Kuriakose Elias Chavara, an illustrious son of our Church, was called for his eternal rewards on 3 January 1871. We are entering the sesquicentennial (150th) year of this great event. This Jubilee Year is an occasion to commemorate this saintly life of St.Kuriakose Chavara, canonized by the Holy Catholic Church, to be inspired by his holy life and to seek the blessings of the Almighty through his intercession.

All the saints have lived the truth of the Gospel in its purity, professed it, and witnessedto Christ Jesus in their varied life situations. Moreover, their lives motivate the faithful forever. The life and the message of St. Chavara underscore these facts. Not only hashe enlightened the nineteenth century, a very turbulent and critical period for the Church and the society of his times,but also remains as a beacon of light for the Church for all times.

That he stood relentlessly faithful to the Holy See andtothe legitimate episcopal authorities and worked for the unity and integrity of the Church, is his greatest contribution as noted by Pope St. John Paul II.Not only did he strive to save his people from schism and damnation, but also dared to ask for a bishop of his own church community. Hence, he was the first Vicar General who dedicated his life for the growth and unity of the Syro-Malabar Church and the spiritual head who guided and led the people of God in faith, holiness and fidelity.

St. Chavara visualized God as his “Daddy” (Appan), and prayed to Him with

the personal intimacy and innocence of an infant, saying that, "My daddy, I cannot address you by any other name." He was a spiritual progenitor who saw himself as a child of God, loving and serving others who were allthe children of God and his own brethren. He imbibed the vision of Jesus Himself with regard to the Kingdom of God and spent his life for the welfare of humankind, burning with zeal so that "Not even a single soul that was redeemed by Jesus Christ with his blood should face damnation and that all souls should be attracted to His Father."

Ordained a priest, on 29 November 1829, St. Chavara had to confront the difficulties and privations of his own church and community. He sought, in the presence of God, for the ways and means to unite and revitalize a people that was scattered like the sheep devoid of a shepherd, not even having a native bishop to guide and instruct them. Imitating Jesus Christ who started public life proclaiming the Good News and calling for repentance, St. Chavara also approached the people as a preacher of the Word of God. At a time when there was no preaching during the Sunday celebrations and no renewal retreats, what he initiated had a great impact and facilitated spiritual progress among the people of God. In order to have good shepherds, preachers of the Word of God and good teachers, he started seminaries as well. To help people grow in holiness and to carry on the mission entrusted to the Church by the Lord, he realized the need for a consecrated life. Hence he founded CMI and CMC religious congregations and through them, a number of monasteries, convents and a group of dedicated religious also emerged.

As a visionary, he got himself immersed in activities aimed at the integral growth of the faithful entrusted to him. In order to remove the intellectual blindness due to ignorance and to help the growth of a spiritual way of life, he started schools attached to churches.To impart knowledge through books, he started a printing press. For the sake of the destitute, he started charity homes. He accomplished all these, despite many hurdles and oppositions. The motivating force behind all these signature endeavours of the saint was "salvation of the souls and the integral growth of the people of God." What made him a social reformer were his deep-rooted faith, proactive style, indefatigable efforts to eradicate discriminations in the society, and above

all, his firm footing in solid spirituality.

The stability of ourfamilies is praised all over the world. The Chavarul of St. Chavara (OruNallaAppanteChavarul) exerted immense and timeless influence on our families in shaping them based on faith, fidelity and holiness. An antidote to most of the ills faced by modern families could be found in this little book. St. Chavara taught us that a Christian family is like the kingdom of heaven. With that he wanted each family in the Christian community to grow to the heights of heaven. He held that a family could grow only with order and discipline and instructed that the children should be brought up with care and with this noble ideal in mind. Here, we gratefully acknowledge that St. Chavara, in the nineteenth century, imparted us a vision for the family that was founded on love of God, love of others, and of a caring nature.

Dear brothers and sisters in Christ, let this sesquicentennial commemoration lead us to closely understand and follow the life of this saint who led our Church heroically. I earnestly appeal to the whole Church to wholeheartedly join in the activities planned for the occasion of Chavara Jubilee Year and to reap spiritual benefits. Like St. Chavara, let all the children of the Church lead a life committed to the Church and fulfil the mission of Christentrusted to them. This is my earnest prayer and wish during this commemorative year.

May the intercession of Blessed Virgin Mary our Mother, St. Thomas our Apostle, and St. Kuriakose Elias Chavara be our help.

**Cardinal George Alencherry**
*Major Archbishop of Syro-Malabar Church*

*N.B. This circular is to be read in all churches and institutions where Sunday Mass is celebrated on 29 December2019.*

# രൂപതാകച്ചേരി വാർത്തകൾ

**രൂപതാദിനം 2019**

ഭദ്രാവതി രൂപതാ സ്ഥാപനത്തിന്റെ പന്ത്രണ്ടാം വാർഷികാഘോഷം, 2019 ഒക്ടോബർ 26–ന് ബോധനപാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെട്ടു. രാവിലെ 09.30–ന് ആരംഭിച്ച വി. കുർബ്ബാനയുടെ ആരാധനയിലും തുടർന്ന് അഭിവന്ദ്യ ജോസഫ് അരുമച്ചാടത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ട വി. കുർബ്ബാനയിലും ദൈവം രൂപതയുടെമേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞു. ബഹു. തോമസ് കുളത്തിങ്കലച്ചൻ വി. കുർബ്ബാനയുടെ ആരാധനക്ക് നേതൃത്വം നൽകി. രാമനാഥപുരം രൂപതയുടെ അഭിവന്ദ്യ പിതാവ് മാർ പോൾ ആലപ്പാട്ട് കുർബാന മദ്ധ്യേ വചന സന്ദേശം നൽകി. രൂപതയിലെ ബഹു. വൈദികർ വി. ബലിയിൽ സഹ കാർമ്മികരായി.

തുടർന്ന് അഭിവന്ദ്യ അരുമച്ചാടത്തുപിതാവിന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതു സമ്മേളനം കത്തീഡ്രൽ ഇടവകയിലെ കുട്ടികളുടെ പ്രാർത്ഥന നൃത്തത്തോടെ ആരംഭിച്ചു. രൂപതാ വികാരി ജനറാൾ ബഹു. ഫ്രാൻസീസ് അള്ളുംപുറത്തച്ചൻ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. വിവാഹ ജീവിതത്തിന്റെ അൻപത് വർഷങ്ങൾ പൂർത്തിയാക്കിയ ദമ്പതിമാരെയും, പൗരോഹിത്യ സ്വീകരണത്തിന്റെ ഇരുപത്തിയഞ്ചു വർഷങ്ങൾ പൂർത്തിയാക്കിയവൈദികരെയും, സന്യാസ സമർപ്പണത്തിന്റെ ഇരുപത്തിയഞ്ചും, അൻപതും വർഷങ്ങൾ പൂർത്തിയാക്കിയ സമർപ്പിതരെയും, മതബോധനത്തിലും, പത്താം ക്ലാസ്സിലും, ലോഗോസ് ക്വിസ്സിലും മികച്ച വിജയം വരിച്ചവരെയും, പ്രത്യേക നേട്ടങ്ങൾ കരസ്ഥമാക്കിയവരെയും പിതാവ് ആദരിച്ച് മെമെന്റോ നൽകി.

രൂപതാ ദിനത്തിന്റെ ആശംസകൾ നേർന്നും, ജൂബിലി ആഘോഷിക്കുന്നവരെയും, വിവിധ തരത്തിൽ നേട്ടങ്ങൾ കരസ്ഥമാക്കിയവരെയും അനുമോദിച്ചും, ശ്രീ കുര്യാക്കോസ് ചിറക്കൽ, ചീഫ് ഓഫീസർ, എൻ. ആർ. പുര സംസാരിച്ചു. മാർ പോൾ ആലപ്പാട്ട് അനുഗ്രഹ പ്രഭാഷണം നടത്തി. അദ്ധ്യക്ഷ പ്രസംഗത്തിൽ അഭിവന്ദ്യ പിതാവ് രൂപ

തയുടെ വളർച്ചയിലെ സുപ്രധാന സംഭവങ്ങൾ അനുസ്മരിക്കുകയും, അതിൽ സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുകയും ചെയ്തു. കുമാരി അലീന മാത്യുവിന്റെ (ഹൊസ്സൂർ) ഗാനവും, മാച്ചനഹള്ളി, സെ. ട്രീസാ സ്കൂളിലെ കുട്ടികളുടെ നൃത്തചുവടുകളും യോഗത്തിന് ഈണവും താളവും നൽകി.

പാസ്റ്ററൽ കൗൺസിൽ ജോ. സെക്രട്ടറി ശ്രീ ജോമി മാത്യു എല്ലാവർക്കും നന്ദി പറഞ്ഞു. പേപ്പൽ ആന്തത്തോടെ യോഗം അവസാനിച്ചു. ഉച്ചഭക്ഷണത്തിനുശേഷം എല്ലാവരും പിരിഞ്ഞു.

**2018 രൂപതാദിനത്തിൽ ആദരിക്കപ്പെട്ടവർ**

## GOLDEN JUBILLE OF WEDDING ANNIVERSARY

1. Arulraj& Maria Ronikyam, Plavilaputhenveed, Masthikatte
2. Poulose& Cecily, Kottackal, NRPura

## GOLDEN JUBILEE OF RELIGIOUS PROFESSION

1. Rev. Sr. Rosalia S.H
2. Rev. Sr. CharlsS.H

## SILVER JUBILEE OF PRIESTLY ORDINATION

1. Rev. Fr. Thomas Kulathunkal
2. Rev. Fr. BijuMeempuzha, mcbs

## SILVER JUBILEE OF RELIGIOUS PROFESSION

1. Rev. Sr. Shanthi Paul S.H
2. Rev. Sr. Jiss Maria FCC

## CATECHISM TOPPERS OF THE YEAR 2019

1. Shreya Xavier Kannukadan – VII, NRPura
2. Suma Paul Kandamkulathy – X, NRPura
3. PreethiJomonKolamkanny – XII, Shimoga

## SSLC EXAM TOPPER OF THE YEAR 2019

Suma Paul Kandamkulathy, NRPura

## BEST SUNDAY SCHOOL OF THE YEAR 2018-19

St. Nobert Church, Koppa

## LOGOS QUIZ DIOCESAN TOPPER OF THE YEAR 2018

Mrs. ShaliniVellarigattu, Shetttikoppa

## SPECIAL ACHIEVEMENTS

1. Joseph John (Shimoga)
   National Eligibility cum Entrance Test, (All India Rank-538, State Rank-18)
2. SujithaStanyChamakala (Induvally)
   Master's in Media and marketing, (First rank with Gold Medal from Delhi University)
3. Dr. Ajish A.D (Muthinakoppa), Doctor of Philosophy (Ph.D.)

## വൈദികസമ്മേളനം

ഭദ്രാവതി രൂപതയുടെ വൈദിക സമ്മേളനം 2019 നവംബർ 14–ന് ബോധന പാസ്റ്ററൽ സെന്ററിൽ ബഹു. ആന്റണി ഓടക്കലച്ചന്റെ പ്രാർത്ഥനയോടെ ആരംഭിക്കുകയുണ്ടായി. തുടർന്ന് രൂപതാ വികാരി ജനറാൾ ബഹു. ഫ്രാൻസീസ് അള്ളുംപുറത്തച്ചൻ എല്ലാവരെയും, പ്രത്യേകിച്ച് മീറ്റിങ്ങിൽ ആദ്യമായി പങ്കെടുക്കുന്ന സുബിൻ വലേരിയിലച്ചൻ, ബിജു മീമ്പുഴച്ചൻ, ജോമോൻ പുളിക്കലച്ചൻ, വിപിൻ തച്ചുകുന്നേലച്ചൻ, വിനു കാട്ടുപറമ്പിലച്ചൻ എന്നിവരെ പ്രത്യേകമായും സ്വാഗതം ചെയ്തു. ഈ വർഷം വൈദികപട്ടം സ്വീകരിക്കുന്ന 3 ഡീക്കന്മാരും അവരുടെ തിരുപ്പട്ട സ്വീകരണത്തിലെക്കും പ്രഥമ ദിവ്യബലിയർപ്പണതിലേക്കും എല്ലാവരേയും ക്ഷണിച്ചു. തുടർന്ന് കഴിഞ്ഞ വൈദിക സമ്മേളനത്തിന്റെ മിനിറ്റ്സ് രൂപതാ വൈസ് ചാൻസിലർ ബഹു. റ്റിനോ വെള്ളാരംകാലായിലച്ചൻ വായിക്കുകയും അത് എല്ലാവരും ചേർന്നു പാസ്സ് ആക്കുകയും ചെയ്തു. അഭിവന്ദ്യ പിതാവ് നമ്മുടെ രൂപതയിലെ ഇടവക പ്രവർത്തനങ്ങൽ വിലയിരുത്തുവാനും പങ്കുവെക്കാനുമായി എല്ലാ വൈദികരേയും ക്ഷണിച്ചു. എല്ലാ ഇടവകകളിൽ നിന്നും വൈദികർ അവരവരുടെ ഇടവകാ, ഭക്തസംഘടനാ പ്രവർത്തനങ്ങൾ പങ്കുവെച്ചു. ബഹു. ഷാജി മുണ്ടപ്ലാക്കലച്ചൻ നമ്മുടെ അജപാലന ശുശ്രൂഷകൾ വിലയിരുത്തുകയും

എല്ലാവരേയും അഭിനന്ദിക്കുകയും ചെയ്തു. സഭാ സിനഡ് നമ്മുടെ രൂപതയെ പ്രോപ്പർടെറിറ്ററിയുടെ ഭാഗമായിട്ടാണ് കാണുന്നത് എങ്കിലും നമ്മൾ യഥാർത്ഥത്തിൽ ഒരു മിഷൻ രൂപതയാണെന്നുള്ള വസ്തുത അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. ആയതിനാൽ സുവിശേഷവൽക്കരണത്തിനായുള്ള കൂടുതൽ പരിശ്രമങ്ങളും, ചർച്ചകളും നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും അറിയിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങളും അഭിപ്രായങ്ങളും ചുവടെ ചേർക്കുന്നു.

1. അടുത്ത പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങ് ഡിസംബർ 14–ന് നടത്തുവാനും അന്നേദിവസം സുവിശേഷവൽക്കരണം ചർച്ചാവിഷയമായി സ്വീകരിക്കുവാനും അഭിപ്രായപെട്ടു.
2. സുവിശേഷ വൽക്കരണത്തെക്കുറിച്ച് നല്ല ഒരു അവബോധവും നമ്മുടെ ഇടയിൽ ഉണ്ടാകുന്നതിനുവേണ്ടി അടുത്ത വർഷത്തെ (2020) മാസധ്യാനങ്ങളിൽ സുവിശേഷ വൽക്കരണത്തെക്കുറിച്ചുള്ള സഭയുടെ ഔദ്യോഗിക രേഖകൾ ധ്യാനവിഷയം ആക്കുവാനും, ഓരോ മാസധ്യാനത്തിനും ഓരോ അച്ചന്മാരെയും, അവരുടെ ധ്യാനവിഷയവും രൂപതാ കേന്ദ്രത്തിൽ നിന്ന് നിയോഗിക്കുന്നതായിരിക്കുമെന്നും തീരുമാനിച്ചു.
3. എല്ലാ ഇടവകകളിലും മാസത്തിൽ ഒരു ഞായറാഴ്ച കന്നട കുർബ്ബാന നിർബന്ധമായും ഉണ്ടാവണമെന്ന് അറിയിക്കുകയും, എല്ലാവരും സമ്മതിക്കുകയും ചെയ്തു. ഈ വിഷയം രൂപതാ പാസ്റ്ററൽ കൗൺസിൽ മീറ്റിംങ്ങിൽ അവതരിപ്പിക്കുന്നതായിരിക്കുമെന്നും തീരുമാനിച്ചു.
4. എല്ലാ ഇടവകകളിൽ നിന്നും മാസതിരട്ട് എല്ലാമാസവും രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്നും, ഒരു പീരിയോഡിക്കൽ റിവ്യൂന് വേണ്ടി രൂപതയിൽ നിന്നും വികാരി ജനറാളച്ചനും ഫിനാൻസ് ഓഫിസറച്ചനും കൂടി ഇടവകകളിലേക്ക് വരുന്നതാണെന്നും അറിയിച്ചു.
5. വാർഷിക ധ്യാനത്തിന്റെ ചിലവിലേക്ക് എല്ലാ വൈദീകരും 4 കുർബ്ബാന പിതാവിന്റെ നിയോഗത്തിൽ അർപ്പിക്കണമെന്നു അറിയിച്ചു.

6. കുമ്പസാര പത്തേന്തി രൂപതയിലെ എല്ലാ വൈദീകർക്കും നൽകുന്നതായിരിക്കുമെന്നും അറിയിച്ചു.
7. വൈദീകരുടെ ക്രിസ്തുമസ് പുതുവർഷ ആഘോഷവും ഗാതറിങ്ങും 2020 ജനുവരി 21–ന് നടത്തപെടുന്നതായിരിക്കുമെന്നും സ്ഥലവും കൂടുതൽ വിവരങ്ങളും പിന്നീട് അറിയിക്കുന്നതായിരിക്കുമെന്നും അതിന്റെ ഉത്തരവാദിത്വം ഏൽപിക്കപെട്ടിരിക്കുന്ന ബഹു. അബ്രാഹം അച്ചനും, ക്ലീറ്റസ് അച്ചനും അറിയിച്ചു.

ബഹു. ഷാജി മുണ്ടപ്ലാക്കലച്ചൻ മീറ്റിംങ്ങിൽ പങ്കെടുത്ത എല്ലാവർക്കും നന്ദിപറഞ്ഞുകൊണ്ട് മീറ്റിംങ്ങ് അവസാനിപ്പിച്ചു.

## പാസ്റ്ററൽ കൗൺസിൽ

നാലാം പാസ്റ്ററൽ കൗൺസിലിന്റെ 5–ാം യോഗം 2019 ഡിസംബർ 14 രാവിലെ 10 മണിക്ക് ബോധന പാസ്റ്ററൽ സെന്ററിൽ സി. ഉഷ സി.എം.സി –യുടെ പ്രാർത്ഥനയോടെ ആരംഭിച്ചു. സിഞ്ചെല്ലൂസ് വെരിറവ. ഫാ. കുര്യാക്കോസ് എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു, ക്ലാസ്സെടുക്കുന്ന റവ. ഫാ. ജോസഫ് ചെറിയമ്പനാട്ട് എം.എസ്.റ്റി –യെ യോഗത്തിനു പരിചയപ്പെടുത്തി. ശ്രീ ജോമി മാത്യു മുൻ യോഗത്തിന്റെ മിനിറ്റ്സ് അവതരിപ്പിച്ചു.

എല്ലാ ക്രൈസ്തവരും പ്രേഷിതരാണെന്നും, സഭയുടെ പ്രാഥമിക പ്രേഷിതദൗത്യം സുവിശേഷവൽകരണം ആണെന്നും ജോസച്ചൻ ഓർമ്മിപ്പിച്ചു. വിജയകരമായ ഒരു പ്രേഷിതത്വം ഫലദായകമായ പ്രേഷിതത്വമാണെന്ന് ഉറപ്പില്ല എന്ന് അസാധാരണ മിഷൻ മാസത്തിലെ പരിശുദ്ധപിതാവിന്റെ സന്ദേശം ആധികാരികമാക്കി അദ്ദേഹം ചൂണ്ടിക്കാട്ടി. തുടർന്നു മൂന്ന് ഗ്രൂപ്പുകളായി തിരിഞ്ഞ് നമ്മുടെ പ്രേഷിത ആഭിമുഖ്യങ്ങളെക്കുറിച്ച് ചർച്ചചെയ്തു. സമാപന ചർച്ചയിൽ താഴെ പറയുന്ന കാര്യങ്ങൾ തീരുമാനിച്ചു.

1. സുവിശേഷ വൽക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ഒരു ഗ്രൂപ്പിനെപരിശീലിപ്പിക്കുക.
2. അടിസ്ഥാന സൗകര്യങ്ങളും, ധനനിക്ഷേപങ്ങളും കുറഞ്ഞപ്രേഷിത

പ്രവർത്തനങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുക.

3. മിഷൻ അവബോധം വളർത്താനായി മിഷൻ രൂപതകളിലേക്ക് ഒരു പ്രേഷിത യാത്ര ക്രമീകരിക്കുക.

4. വരും തലമുറയെ ലക്ഷ്യമിട്ടും, നാം പ്രവർത്തിക്കുന്ന പ്രദേശത്തിന്റെ ഭാഷയെ ആദരിച്ചും നമ്മുടെ ഇടവകകളിൽ മാസത്തിലൊരിക്കൽ വിശുദ്ധ കുർബാന കന്നട ഭാഷയിൽ ആക്കുക.

## പ്രത്യേക പിരിവുകൾ

1) രൂപതാ വിദ്യാഭ്യാസ നിധി: 2019 ഡിസംബർ 25

2) സീറോ മലബാർ പ്രേഷിതവാര പിരിവ്: 2020 ജനുവരി 12

3) തിരുബാലസ്യദിനം: 2020 ഫെബ്രുവരി 16

**ഫാ. ഫ്രാൻസീസ് അള്ളുംപുറം**
വികാരി ജനറാൾ

## മതബോധന – ബൈബിൾ കമ്മീഷൻ

എല്ലാവർക്കും രൂപതാ മതബോധന - ബൈബിൾ കേന്ദ്രത്തിൽ നിന്നും ക്രിസ്തുമസ്പുതുവത്സര ആശംസകൾ ഏറെ സ്നേഹത്തോടെ നേരുന്നു. 2020 അനുഗ്രഹത്തിന്റെ വർഷമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

### ലോഗോസ് ക്വിസ് 2019

ലാഗോസിന്റെ രൂപതാതല മത്സരം 2019 സെപ്റ്റംബർ 29–ന് നടത്തപ്പെട്ടു. ലോഗോസ് ക്വിസിൽ പങ്കെടുത്ത എല്ലാവർക്കും അനുമോദനങ്ങൾ. രൂപതാതലത്തിലും, ഓരോ ഗ്രൂപ്പിലും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയവരുടെ പേരു വിവരങ്ങൾ താഴെ ചേർക്കുന്നു.

### Diocesan Toppers

1. Mrs. Shalini, Shettikoppa : 96
2. Mrs. Julie Shaji Myppaan, Shimoga : 95
3. Mrs. Lilly Vincent, Shimoga : 91

### Age Group Toppers

A:

1. Alvin Saju Nellissery, Makkod : 77
2. Aleena Saju Nellissery, Makkod : 56
3. Benhar, Hossur : 44

**B:**

1. Sneha Meledan, NRPura : 73
2. Neha, Chettikudige : 72
3. Rosmin Pallipadan, Varkatte : 59

**C:**

1. Shalini, Shettikoppa : 96

2. Sr. Marteena SABS, Ripponpet : 82
3. Aleena Biju, Davengere : 79

**D:**

1. Julie Shaji Myppaan, Shimoga : 95
2. Lilly Vincent, Shimoga : 91
3. Baby Saji Mannaaparambil, Hossur : 89

**E:**

1. Cicily Baby, Hossur : 82
2. Sr. Jeenafcc, Sagar : 81
3. Mary Mylackal, Mallandur : 78

**F:**

1. Sr. Maria CMC, NRPura : 78
2. C.M. Joseph, Shettikoppa : 75
3. Sr. Ancy Joseph SH, Shettikoppa : 65

ലോഗോസ്2019–ന്റെ നടത്തിപ്പിന് നേതൃത്വം നൽകിയ റവ. ഫാ. റ്റിനോ, സി. ശുഭ,സി. ആൻ ജോ എസ്.എച്ച് എന്നിവർക്ക് പ്രത്യേകം നന്ദി.

**കരോൾ ഗാനമത്സരം**

കരോൾ ഗാനത്തിന്റെ രൂപതാതല മത്സരം 2019 ഡിസംബർ 14–ാം തിയതി ഉച്ചകഴിഞ്ഞ് 02മണിക്ക് ബോധനാ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. ഫൊറോനകളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കിയ ഗ്രൂപ്പുകൾ പങ്കെടുത്തു. രൂപതാതലത്തിൽ സമ്മാനാർഹരായവർ:

ഒന്നാം സ്ഥാനം – ഗോരിഗണ്ടി, സെ.തോമസ്
രണ്ടാം സ്ഥാനം – ഷിമോഗ, സെ. ജോസഫ്
മൂന്നാം സ്ഥാനം – എൻ. ആർ. പുര, ലിറ്റിൽഫ്ളവർ

വിജയികൾക്ക് അഭിവന്ദ്യ പിതാവ് ട്രോഫിയും, മെഡലുകളും, കാഷ് അവാർഡും, പങ്കെടുത്ത എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങളും നൽകി അനുമോദിച്ചു. എല്ലാം ക്രമീകരിച്ച റവ.ഫാ.സെബാസ്റ്റ്യൻ പുല്ലുക്കാട്ടിനും, മറ്റ് കോർ ടീം അംഗങ്ങൾക്കും നന്ദി.

## മതബോധന-ബൈബിൾ ക്വിസ്

മതബോധന ബൈബിൾ ക്വിസിന്റെ രൂപതാ തലമത്സരം 2019 ഡിസംബർ 14–ാം തിയതി ഉച്ചകഴിഞ്ഞ് 03 മണിക്ക് ബോധനാ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. ഫൊറോനകളിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനം കരസ്ഥമാക്കിയ ഗ്രൂപ്പുകൾ പങ്കെടുത്തു. രൂപ താതലത്തിൽ സമ്മാനാർഹരായവർ:

ഒന്നാം സ്ഥാനം – ഇടുവള്ളി, സെ. ആന്റണി
രണ്ടാം സ്ഥാനം – എൻ. ആർ. പുര, ലിറ്റിൽഫ്ളവർ
മൂന്നാം സ്ഥാനം – മാക്കോട്, സെ. സെബാസ്റ്റ്യൻ

വിജയികൾക്ക് രൂപതാ ഡിറക്ടറും, വികാരി ജനറാളുമായ ബഹു. ഫ്രാൻസീസ് അള്ളുംപുറത്തച്ചന്റെ സാന്നിദ്ധ്യത്തിൽ അഭിവന്ദ്യ പിതാവ് ട്രോഫിയും, മെഡലുകളും, കാഷ് അവാർഡും, പങ്കെടുത്ത എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങളും നൽകി അനുമോദിച്ചു. വളരെ നന്നായി ക്വിസ് നടത്തിയ റവ. സി. ഉഷ സി.എം.സി. ക്ക് നന്ദി, അനുമോദനങ്ങൾ. ക്രമീകരണങ്ങൾ ചെയ്ത ബഹു. സെബാസ്റ്റ്യൻ പുല്ലുക്കാട്ടച്ചനും, സി. ട്രീസ്സ ജോൺ സി,എം,സി.ക്കും, മറ്റ് കോർ ടീം അംഗങ്ങൾക്കും നന്ദി.

## കോർ ടിം മീറ്റിംഗ്

2019 ഡിസംബർ 14–ാം തിയതി ഉച്ചകഴിഞ്ഞ് 04.30 മണിക്ക് ബോധനാ പാസ്റ്ററൽ സെന്ററിൽ കോർ ടിം മീറ്റിംഗ് നടത്തപ്പെട്ടു.മതബോധന സന്ദർശനം വിലയിരുത്തി, തുടർന്ന് നടക്കാനുള്ള പാരീഷ് ബൈബിൾ ക്വിസ്, പ്രധാനദ്ധ്യാപക യോഗം എന്നിവ പ്ലാൻ ചെയ്തു. കോർ ടീം വീണ്ടും 2020 ജനുവരി 15 –ന് രാവിലെ 10.30–ന് ചേരാൻ തീരുമാനിച്ചു.

രുപതാ ഡിറക്ടർ ബഹു. ഫ്രാൻസീസ് അച്ചന്റെ നാമഹേതുക തിരുന്നാൾ ആഘോഷിച്ചു.

### പ്രധാന അദ്ധ്യാപക യോഗം

പ്രധാനാദ്ധ്യാപകരുടെ യോഗം 2020 ജനുവരി 15–ന് രാവിലെ 11.30–ന് ബോധനയിൽ വച്ച് ചേരുന്നതാണ്.

### പാരീഷ് ബൈബിൾ ക്വിസ്

പാരീഷ് ബൈബിൾ ക്വിസിന്റെ രൂപതാ തലമത്സരം 2020 ജനുവരി 15–ന് ഉച്ചകഴിഞ്ഞ് 02 മണിക്ക് പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടും. ഫൊറോനകളിൽ ഒന്നും, രണ്ടും മൂന്നും സ്ഥാനം നേടിയ ടീമു കൾക്ക് പങ്കെടുക്കാം.

### മതബോധനസന്ദർശനം

കോർ ടീമിന്റെ മതബോധന സന്ദർശനം പൂർത്തിയായി. സന്ദർശനം സമയത്ത് പൂർത്തിയാക്കിയ ടീമംഗങ്ങൾക്കും, എല്ലാം ചിട്ടയായി ക്രമീ കരിച്ച വികാരിയച്ചന്മാർക്കും, മതാദ്ധ്യാപകർക്കും നന്ദി.

**ശ്രീമതി നിഷാ ജയ്മി**

കോർ ടീം സെക്രട്ടറി

## ചെറുപുഷ്പ മിഷൻലീഗ്

ചെറുപുഷ്പ മിഷൻ ലീഗിൽ നിന്നും ഹൃദയം നിറഞ്ഞ ക്രിസ്തുമസ് നവവത്സരാശംസകൾ! 2019 ഒക്ടോബർ 28–ാം തീയതി എൻ. ആർ പുര ലിറ്റിൽ ഫ്ളവർ കത്തീഡ്രലിൽ വച്ചു നടന്ന ദേശീയസംസ്ഥാന സംയുക്ത വാർഷികവും സംസ്ഥാന കലാമത്സരങ്ങളും സമംഗളം പര്യവസാനിച്ചു എന്നതിൽ ആദ്യമായി ദൈവത്തിനു കൃതക്ഞത അർപ്പിക്കുന്നു. അഭി വന്ദ്യ പിതാവിനും വികാരി ജനറാളച്ചൻമാർ, ഇടവക വികാരിയച്ചൻ മാർ, സി.എം.എൽ ആനിമേറ്റേഴ്സ്, സി.എം.എൽ ഭാരവാഹികൾ എന്നി വർക്കും നന്ദിയർപ്പിക്കുന്നു. കത്തീഡ്രൽ, ചെട്ടികുടിഗെ, വർക്കട്ടെ മാക്കോട്, ഷെട്ടികൊപ്പ, മുത്തിനകൊപ്പ എന്നീ ഇടവക ഭാരവാഹി

കൾക്കും സി.എം.എൽ കുടുംബത്തിന്റെ പ്രാർത്ഥനാ നിർഭരമായ നന്ദി.

എല്ലാ ഇടവകളിൽ നിന്നും പരമാവധി മിഷൻലീഗ് അംഗങ്ങളുടെയും മതാധ്യാപകരുടെയും സജീവ സാനിധ്യം ഉണ്ടായിരുന്നു എന്നത് ഏറെ സന്തോഷം നൽകുന്നതായിരുന്നു. പ്രേഷിത റാലിവളരെ ആകർഷകവും മനോഹരവുമാക്കി തീർക്കാൻ ഓരോ ഫെറോന ഇടവകാംഗങ്ങളും ആത്മാർത്ഥമായി ത്യാഗപൂർവ്വം സഹകരിച്ച് രൂപതയുടെ ചരിത്രത്തിൽ തന്നെ ഇടംപിടിക്കത്തക്കവണ്ണം വലിയ റാലി സംഘടിപ്പിക്കാൻ നമുക്ക് കഴിഞ്ഞുവെന്നതിൽ ഏറെ അഭിമാനിക്കാം. റാലിയിൽ എൻ.ആർ പുര മിഷലീഗ് അംഗങ്ങളുടെ മാർഗ്ഗംകളി ഏറെ ശ്രദ്ധേയവും ആകർഷകവും ആനന്ദദായകവുമായി അവതരിപ്പിക്കപ്പെട്ടു.

തുടർന്ന് നടത്തപ്പെട്ട വാശിയേറിയ മത്സരങ്ങളിൽ ബൽത്തങ്ങാടി രൂപതയും എൻ. ആർ. പുര ചർച്ചും യഥാക്രമം ഫസ്റ്റ്, സെക്കന്റ് സ്ഥാനങ്ങൾ കരസ്ഥമാക്കി. മത്സരിച്ചവർക്കും വിജയിച്ചവർക്കും അഭിനന്ദനങ്ങൾ.

ഉച്ചഭക്ഷണത്തിനുശേഷം ഏകദേശം 2.30 തോടുകൂടി പൊതു സമ്മേളനം ആരംഭിച്ചു. അഭിവന്ദ്യ പിതാക്കൻമാരായ മാർ ജോസഫ് അരുമച്ചാടത്ത്, മാർ ലോറൻസ് മുക്കുഴി, മാർ സെബാസ്റ്റ്യൻ അടയന്ത്രത്ത് മിഷലീഗിന്റെ ദേശീയസംസ്ഥാന രൂപത ഭാരവാഹികളായ ബഹുമാനപ്പെട്ട വൈദികരും സിസ്റ്റേഴ്സും ആത്മായസഹോദരരും മിഷൻ ചൈതന്യം തീഷ്ണതയോടെ പ്രസംഗിക്കുകയും, പ്രചോദിപ്പിക്കുകയും, പ്രബോധിപ്പിക്കുകയും ചെയ്തു. ഈ ദിവസം തന്നെ കർണ്ണാടക സംസ്ഥാന ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

വൈകുന്നേരം 4 മണിയോടെ 2019 ദേശീയസംസ്ഥാന കലാമത്സരങ്ങൾക്കും വാർഷികാഘോഷത്തിനും വി. കൊച്ചുത്രേസ്യയുടെ അനുഗ്രഹാശ്ശിസ്സോടെ തിരശ്ശീല വീണു. ഒരിക്കൽ കൂടി എല്ലാവർക്കും നന്ദി.

**ഫാ. സെബാസ്റ്റ്യൻ പുല്ലുക്കാട്ട്**
ഡയറക്ടർ

ചെറുപുഷ്പ മിഷൻ ലീഗ് ദേശീയസംസ്ഥാന സംയുക്ത
വാർഷികവും സംസ്ഥാന കലാമത്സരങ്ങളും 2019 ഒക്ടോബർ
28–ാം തീയതി എൻ. ആർ പുര ലിറ്റിൽ ഫ്ളവർ കത്തീഡ്രലിൽ വച്ചു നടന്നു.






ಚೆರುಪುಷ್ಪ ಮಿಷನ್ ಲೀಗ್
ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯ
ರಾಜ್ಯ ಮಟ್ಟದ ಪ್ರೇಷಿತ ಮೆರವಣಿಗೆ ಮತ್ತು ಸಮಾವೇಶ
28 ಅಕ್ಟೋಬರ್ 2019
ಎಲ್.ಎಫ್. ಚರ್ಚ್, ಎನ್.ಆರ್. ಪುರ



# യുവജന പ്രേഷിതത്ത്വം

## യുവജനോത്സവം – 2019

ബെല്ലാരിയിൽ വെച്ച് ഒക്ടോബർ 24 മുതൽ 27 വരെ നടത്തപ്പെട്ട കർണാടകറീജണൽയൂത്ത്കൺവെൻഷനിൽനമ്മുടെരൂപതയിൽനിന്നും 35 യുവജനങ്ങൾ പങ്കെടുത്തു. കർണ്ണാടകയിലെ വിവിധ രൂപതകളിൽ നിന്നുള്ള യുവജനങ്ങൾ പങ്കെടുത്ത ഈ പരിപാടിവളരെ നല്ല ഒരു അനുഭവമായിരുന്നു.

## ക്രിസ്തുമസ് ആഘോഷവും കരോൾഗാന മത്സരവും

ഭദ്രാവതി രൂപത എസ്.എം.വൈ.എം സംഘടിപ്പിക്കുക ക്രിസ്തുമസ് ആഘോഷവും കരോൾഗാന മത്സരവും ഡിസംബർ 21–ാം തീയതി ബോധനയിൽവെച്ച് നടത്തപ്പെടുന്നു.

**ഫാ. ജോസഫ് പനക്കച്ചിറ**

ഡയറക്ടർ

# സീറോ മലബാർ മാതൃവേദി

'കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. അവിടുത്തെ കാരുണ്യം ഒരിക്കലും അവസാനിക്കുന്നില്ല'. (വിലാപം 3:22)

സീറോമലബാർമാതൃവേദിയിൽ നിന്നും ഏവർക്കും സ്നേഹാ ശംസകൾ! നവംബർ 9–ാം തീയതി നടന്ന സീറോ മലബാർ ആന്തം മത്സരത്തിൽ 13 ഇടവകളിൽ നിന്നുള്ള അമ്മമാർ പങ്കെടുത്തു. ഇടുവള്ളി, വർക്കട്ടെ, ബാളെഹൊന്നൂർ എന്നീ ഇടവകകൾ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി. വിജയികളായവർക്ക് റിപ്പൺ പേട്ടയിൽ വച്ച് നടക്കുന്ന 2019 വർഷത്തെ അമ്മ മഹാസം ഗമത്തിൽ സമ്മാനങ്ങൾ നൽകുന്നതായിരിക്കും. മത്സരങ്ങളുടെ വിധികർത്താക്കളായി എത്തിയ ബഹു. സജീഷച്ചനും, ബിബിനച്ചനും റോബിറ്റച്ചനും നന്ദിയർപ്പിക്കുന്നു.

**സി. ഉഷ സി.എം.സി**

ഡയറക്ടർ

## കുടുംബ പ്രേക്ഷിതത്ത്വം

'കുടുംബത്തിലൂടെ ലോകത്തെ നവീകരിക്കുക.' ഭദ്രാവതിരൂപതാ കുടുംബ പ്രേക്ഷിതത്വത്തിൽ നിന്നും സ്നേഹാന്വേഷണങ്ങൾ!

ദൈവം വസിക്കുന്ന സ്ഥലമാണ് കുടുംബം. തൊട്ടറിയാൻ പറ്റാത്ത പുണ്യസ്ഥലം എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആഹ്വാനം ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് നവംബർ 26 മുതൽ 29 വരെ ബോധന പാസ്റ്ററൽ സെന്ററിൽ വെച്ച് ബഹു. സജി മണോലിൽ അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട വിവാഹ ഒരുക്ക ധ്യാനത്തിൽ 17 യുവതീ യുവാക്കൾ പങ്കെടുത്തു. വിവാഹ ഒരുക്ക ധ്യാനം വികാരി ജനറാൾ ബഹു. ഫാ. ഷാജി മുണ്ടപ്ലാക്കൽ ഉദ്ഘാടനം ചെയ്ത്സന്ദേശം നൽകി.

വിവാഹ ജീവിതത്തെ ആസ്പദമാക്കി വിവിധ വിഷയങ്ങളിൽ പരിശീലനം ലഭിച്ചവർ ക്ലാസുകൾക്കും കൗൺസിലിങ്ങിനും നേതൃത്വം നൽകി. 29–ാം തീയതി യുവജനങ്ങളുടെ മാതാപിതാക്കൾക്ക് പ്രത്യേക ക്ലാസുകളും വിവാഹം കഴിഞ്ഞ് മക്കൾ ഭവനങ്ങളിലേക്ക് വരുമ്പോൾ കുടുംബ ജീവിതം അനുഗ്രഹമാക്കുവാനുള്ള നിർദ്ദേശങ്ങളും ബഹുമാനപ്പെട്ട സുഭാഷച്ചൻ നൽകി. സമാപന ദിവസം അഭിവന്ദ്യ ജോസഫ് അരുമച്ചാടത്ത് പിതാവ് സന്ദേശം നൽകുകയും എല്ലാവർക്കും യോഗ്യതാപത്രം നൽകുകയും ചെയ്തു. വിവാഹ ഒരുക്ക ധ്യാനത്തിൽ പങ്കെടുത്തവരെയും ക്ലാസുകൾ നയിച്ചവരെയും എല്ലാ ബഹുമാനപ്പെട്ട വികാരി അച്ചൻമാരെയും നന്ദിയോടെ ഓർക്കുന്നു.

**ഫാ. സജി മണോലിൽ**
ഡയറക്ടർ

# മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി

ഭദ്രാദീപയുടെ എല്ലാ വായനക്കാർക്കും മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്നും ആംശംസകൾ. നമ്മുടെ സാമൂഹിക സേവന വിഭാഗത്തിൽ നടന്നുകൊണ്ടിരിക്കുന്ന പരിപാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ചൈൽഡ് ഹെൽപ്പ് ലൈൻ(1098)**

18 വയസ്സിൽ താഴെയുള്ള കുട്ടികളുടെ സമ്പൂർണ്ണ സുരക്ഷയും ക്ഷേമവും ഉറപ്പുവരുത്തുന്നതിനായി 24 മണിക്കൂറും ആഴ്ചയിലെഎല്ലാ ദിവസവും എം.എസ്.എസ്.എസ് ഓഫീസിൽ ലഭിക്കുന്ന ഫോൺ കോളുകൾക്ക് ആവശ്യമായ നടപടികൾ ഉടനടി സ്വീകരിക്കുന്നു. ഓരോ കേസിന്റേയും സാഹചര്യം പരിഗണിച്ച് പ്രത്യേക സർക്കാർ വകുപ്പുകളു ടെ സഹായത്തോടെ ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നു.

കഴിഞ്ഞ മൂന്നു മാസങ്ങൾക്കുള്ളിൽ 5 ബാലവിവാഹങ്ങൾ നിർത്തിവെച്ചു. 14 കുട്ടികൾക്ക് താമസസൗകര്യം ക്രമീകരിച്ച് നൽകപ്പെട്ടു. കാണാതായ 7 കുട്ടികളിൽ മൂന്നു കുട്ടികളെ കണ്ടെത്തി. മറ്റ് നാല് കുട്ടികൾക്കുള്ള അന്വേഷണം തുടരുന്നു. ബാലവേല ചെയ്തി രുന്ന 7 കുട്ടികളെ സ്കൂളിൽ ചേർത്തു. ഭിക്ഷാടനത്തിൽ ഏർപ്പെട്ടിരുന്ന 5 കുട്ടികളെ അതിൽ നിന്നും മോചിപ്പിച്ച് C.W.C വഴിയായി അവർക്ക് സംരക്ഷണവും വിദ്യാഭ്യാസവും നൽകിവരുന്നു. മാനസികവും ശാരീ രികവും ആയ പീഡനങ്ങൾ അനുഭവിക്കുന്ന 34 കുട്ടികൾക്ക് വേണ്ട സഹായങ്ങൾ കൗൺസിലിങ്ങിലൂടെയും മറ്റും ക്രമീകരിക്കുകയും പരിഹാരം കാണുകയുണ്ടായി. പഠന സഹായത്തിനായി സഹായം അഭ്യർത്ഥിച്ച രണ്ടു കുട്ടികൾക്ക് സഹായം നൽകി. ഏഴു കുട്ടികൾക്ക് വൈദ്യസ ഹായം നൽകി. പലവിധ കാരണങ്ങളാൽ വിദ്യാഭ്യാസം മുടങ്ങി പ്പോയവരും നിർത്തിവെച്ചവരുമായ 36 പേരെ കണ്ടെത്തി. അവർക്ക് തുടർവിദ്യാഭ്യാസത്തിനുള്ള ക്രമീകരണങ്ങൾ ചെയ്തു കൊടുത്തു.

നവംബർ 14 മുതൽ 20 വരെ 'ചൈൽഡ് ലൈൻ സേദോസ്ത്' ആഴ്ച്ച യായി ആചരിക്കുകയുണ്ടായി. ഈ ദിവസങ്ങളിൽ വിവിധ സ്ഥലങ്ങളിൽ

പലവിധ പരിപാടികൾ ആസൂത്രണം ചെയ്തു. നവംബർ 14 ന് ശിശു ദിന ത്തോടനുബന്ധമായി ഈ പരിപാടി ജില്ലയിലെ പല അധികാരികളുടെ ആഭിമുഖ്യത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. തുടർന്നുള്ള ദിവസങ്ങളിൽ പലതരത്തിലുള്ള പരിപാടികൾ സംഘടിപ്പിച്ച് ചൈൽഡ് ലൈനിന്റെ പ്രവർത്തനത്തെ ജനങ്ങളിലേക്ക് എത്തിക്കുവാൻ സാധിച്ചു.

## നവജീവൻ കമ്യൂണിറ്റി കെയർ സെന്റർ

എം.എസ്.എസ്.എസ് ന്റെ ഭാഗമായ നവജീവൻ ഹൊളിസ്റ്റിക്ക് ആൻ് പാലിയേറ്റീവ് കെയർ സെന്ററിൽ കഴിഞ്ഞ മൂന്നു മാസങ്ങളിലായി 69 രോഗികളെ പരിപാലിക്കുകയുണ്ടായി. അതിൽ 31 പുരുഷൻമാരും 32 സ്ത്രീകളും 6 കുട്ടികളും ഉൾപ്പെടുന്നു. രോഗബാധിതരായ വ്യക്തി കൾക്ക് ആവശ്യമായ മരുന്നുകളും പോഷകാഹാരങ്ങളും അതോടൊപ്പം അവർക്ക് വേണ്ട മനോധൈര്യവും ആത്മശക്തിയും നൽകുന്നു. ഫാ. ജെയിംസ് പുൽത്തകിടിയേൽ ഇതിന് നേതൃത്വം നൽകുന്നു.

ഡിസംബർ 5 ന് നവജീവൻ ലോക എയ്ഡ്സ് ദിനം ആചരിക്കുക യുണ്ടായി. അതോടൊപ്പം ക്രിസ്തുമസ് ആഘോഷവും ആചരിച്ചു. ഈ അവസരത്തിൽ കഴിഞ്ഞ 10 വർഷങ്ങളായ് ഇവിടെസേവനം അനുഷ്ഠി ച്ച് ഇപ്പോൾ ഞങ്ങളുടെ സുപ്പീരിയർ ജനറലായ് തിരഞ്ഞെടുക്കപ്പെട്ട സിസ്റ്റർ സാറക്ക് യാത്രയയപ്പ് നൽകി. ഈ പരിപാടിയിൽ നമ്മുടെ രൂപതാധ്യക്ഷൻ മാർ ജോസഫ് അരുമച്ചാടത്ത് പിതാവ് അധ്യക്ഷസ്ഥാനം അലങ്കരിക്കുകയും ഏവർക്കും ക്രിസ്തുമസ് ആശംസകൾ നേരുകയും രോഗികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

## സ്ത്രീ ശാക്തീകരണ പരിപാടി

ഗ്രാമീണ വനിതകളുടെ ആരോഗ്യപരവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിനും സ്ത്രീ കൾക്ക് എതിരെയുള്ള അക്രമങ്ങൾ തടയുന്നതിനും സ്ത്രീകളെ നേതൃസ്ഥാനത്തേക്ക് ഉയർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കർണാടക–ക്രോസിന്റെയും എം.എസ്.എസ്.എസ് നേതൃത്വത്തിൽ നടത്തപ്പെടുന്ന ഈ പദ്ധതിയിൽ 218 സ്വയം സഹായസംഘങ്ങളും 3172 വ്യക്തികളും ഉണ്ട്. ഇതിന്റെ ഭാഗമായി പകർച്ചവ്യാധികൾ, മഴവെള്ള

സംഭരണം, നിലവിലുള്ള നിയമങ്ങളെ പറ്റിയുള്ള അവബോധം എന്നിവയെക്കുറിച്ച് പരിശീലനം നടത്തി.

ചെന്നൈ ആസ്ഥാനമായ് പ്രവർത്തിക്കുന്ന ഇൻഡ്യൻ വിഷൻ ഇൻസ്റ്റിറ്റൂട്ട് എന്ന എൻ.ജി.ഒ യുടെ നേതൃത്വത്തിൽ സൗജന്യ കണ്ണ് പരിശോധന രൂപതയുടെ പല ഭാഗങ്ങളിൽ വച്ച് നടത്തപ്പെട്ടു. ഇതിൽ ഏകദേശം 8300 രോഗികൾ പങ്കെടുത്തു. കണ്ണട ആവശ്യമായ 1830 രോഗികൾക്ക് പിന്നീട് സൗജന്യമായി കണ്ണട നൽകുകയും ചെയ്തു.

സ്ത്രീ സ്വയംതൊഴിൽ പദ്ധതിയുടെ ഭാഗമായി വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി 25 ബാച്ചുകളിലായ് 714 അംഗങ്ങൾ. ഈ പദ്ധതി വഴിയായി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് നല്ല രീതിയിൽ വരുമാനം നേടി വരുന്നു.

'സ്പർശ' കാരിത്താസ് ഇൻഡ്യയുടെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്ന കാൻസർ ഉൻമൂലനം ചെയ്യാനുള്ള ആഹ്വാനവും, കാൻസർ രോഗത്തെ കുറിച്ചുള്ള ബോധവൽക്കരണവും ആസ്പദമാക്കി 'സ്പർശ' എന്ന പ്രോഗ്രാം എം.എസ്.എസ്.എസിൽ ആരംഭിച്ചിരിക്കുന്നു. ഭക്ഷണ രീതികൾ, ജീവിതശൈലി എന്നിവയിൽ വേണ്ടമാറ്റം വരുത്തി കാൻസറിനെ അതിജീവിക്കാൻ അവബോധനം നൽകപ്പെടുന്നു. ഇതിന്റെ ഭാഗമായ് ബാംഗ്ലൂർ ക്രോസിൽവച്ച് നടത്തപ്പെട്ട ഒരു ദിവസത്തെ പരിശീലന പരിപാടിയിൽഎം.എസ്.എസ്.എസ്നെ പ്രതിനിധീകരിച്ച് സി. സുപ്രിയയും, നാഗവേണിയും പങ്കെടുത്തു.

എല്ലാവായനക്കാർക്കും ക്രിസ്തുമസ്സിന്റെയും പുതുവർഷത്തിന്റെയുംആശംസകൾ പ്രാർത്ഥനാ പൂർവ്വം നേർന്നുകൊള്ളുന്നു.

**ഫാ. അബ്രഹാം അരീപ്പറമ്പിൽ**
ഡയറക്ടർ

# BISHOP'S DIARY

## OCTOBER 2019

03-14: Participated in the Ad limina visit of the Syro-Malabar Bishops in Rome

13: Participated in the Canonization of Bl. Mariam Thresia in St. Peter's Square, Rome

15-18: Participated in the Retreat for Syro-Malabar Bishops in Rome, organized by the Opera dell Chiesa

19-22: Visited Fr. Saji Kizhakkayil in Arzl in Austria

23: Came back after the Ad limina visit

26: Presided over the 12th Diocesan Day Celebrations of the diocese of Bhadravathi at Bodhana Pastoral Centre, Bhadravathi

27: Participated in the Karnataka Regional Youth Convention in Bellary

28: Participated in the CML National cum Karnataka State Annual Day celebrations at N.R. Pura

28-Nov.01: Participated in the Retreat of MCBS Fathers at Bodhana Pastoral Centre

## NOVEMBER 2019

04: Received Rev. Fr. Mathew Keechira, Assist. Provincial of Claritian St. Thomas Province, at the Bishop's House

07: Visited St. Joseph Church, Kalkere, and Jeevalaya Seminary, Bangalore

10: Offered Holy Eucharist at St. Antony's Church, Iduvally; visited the family of Rev. Dn. Varghese Kodavana at Iduvally

11-15: Participated in the Annual Retreat of the priests of the Diocese of Bhadravathi at Bodhana, preached by Bishop Raphael Thattil

16: Participated in the celebration of the Sainthood of St. Mariam Thresia at Kuzhikkattussery; visited Bishop's House, Idukki

17: Celebrated Holy Mass at St. Thomas Forane Church, Erattayar and the homily was preached by Bp. Raphael Thattil; Participated in the concluding ceremony of the celebration of Extra-ordinary Mission Month of the diocese of Idukki at St. George Church, Vellayamkudy; came to the Bishop's House, Kothamangalam together with Bp. Thattil

18: Celebrated Holy Eucharist at MCBS Generalate, Chunangamvely and blessed the renovated building of the Generalate; visited the family of Rev. Dn. Joseph Pottampuzha at Ayavana, Muvattupuzha

19: Officiated the funeral of Mr. Joseph (Pappachan) Puthenpurackal, Bishop's uncle, at St. George Forane Church, Vellayamkudy

20: Visited Archbishop's House, Tellicherry; visited the Family of Rev. Dn. Sebastian Chakinimantharayil at Manikkadavu, Iritty

24: Participated in the interdiocesan-celebration of the Feast of Christ the King at the Sacred Heart Cathedral, Shimoga

28: Visited St. Joseph Public School, N.R. Pura and inaugurated the Art, Craft and Science Exhibition there

29: Offered Holy Eucharist for the participants of the MPC program at Bodhana Pastoral Centre and distributed their course certificates

**DECEMBER 2019**

03: Visited the family of late Dn. Varghese Kannampally at Makkod

03: Received Rev. Sr. Dr. Sara, the newly elected Superior

General of IMA, and the members of the Amalamatha (IMA) Community at the Bishop's House and gave sent-off to Rev. sr. Dr. Sara

05: Presided over the Christmas Celebrations of Nava Jeevan Community Care Centre, Bhadravathi and sent-off to Rev. Sr. Dr. Sara at the CCC

08: Offered Holy Eucharist at Good Shepherd Forane Church, Ripponpett along with V. Rev. Fr. Kuriakose Mundaplackal, the Vicar General, and presided over the Parish Pothuyogam there after the Holy Mass

09: Participated in the Monthly Recollection of N.R. Pura Forane held at DSS Convent, Chettikudige

10: Visited the Mission Station at Ragimuddanahalli in the diocese of Mandya on our way to Mananthavady and stayed there overnight

11: Participated in the meeting of the diocesan Presbyterium of Mananthavady along with the other Bishops of Tellicherry Province

12: Participated in the Monthly Recollection of RipponpettForane held at MCBS Ashram, Anandapuram

13: Participated in the Monthly Recollection of Shimoga Forane held at MCBS Bhavan, Gadikoppa, organized by the SH Sisters, Gadikoppa

14: Presided over the meeting of the Diocesan Pastoral Council held at Bodhana Pastoral Centre; distributed prizes to the participants of diocesan level Bible Quiz and Carrol singing Competition

15: Left for Kanjirappally together with Fr. Abraham Areeparambil, MSSS Director and Mr. Jomy Mathew, Diocesan Pastoral Council Secretary, and stayed at Monfort School, Sathyamangalam

16-18: Visited PDS, Sahyadri Ayurvedic Centre, Peermedu and MDS Parathode in the diocese of Kanjirappally to study the Social Service Activities here along with Fr. Areeparambil and Mr. Jomy Mathew

19: Participated in the meeting of the Diocesan Presbyterium of Thamarassery diocese along with the other Bishops of the Tellicherry Province

20: Participated in the Annual Day functions of St. Joseph Public School, N.R.Pura

22: Offered Holy Eucharist and blessed the renovated Sanctuary of St. Antony's Parish Church, Iduvally

24: Christmas Eve: offered Holy Eucharist at Little Flower Cathedral, N.R. Pura

27: Blessed the renovated office building of the South Indian Bank, Bhadravathi

28: Blessed a marriage at St. Mary's Church, Thalipparamba, Kannur

30: Conferred Priestly Ordination on Rev. Dn. Varghese Kodavana at St. Antony's Church, Iduvally

31: Conferred Priestly Ordination on Rev. Dn. Mathew Kuthukallunkal, mcbs at St. Mary's Church, Kadumeni

# BISHOP'S PROGRAMME

## JANUARY 2020

02: Priestly Ordination of Rev. Dn. Sebastian Cakinimantharayil, at St. Thomas Church, Manikkadavu

04: Priestly Ordination of Rev. Dn. Joseph Pottampuzha, at Sacred Heart Church, Ayavana; Holy Mass, Aranattukara

06: Blessing of a marriage, Nedumbassery

07-09: Retreat of Syro-Malabar Bishops at Mount St. Thomas, Kakkanad

10-15: Synod of the Syro-Malabar Bishops at Mount St. Thomas, Kakkanad

19: Holy Mas at St. Joseph Church, Shettikoppa

20: Christmas-New Year gathering of the presbyterium

25: DPPIC meeting at Bodhana Pastoral Centre, Bhadravathi

26: Holy Mass at Assumption Church, SulthanBathery

## FEBRUAY 2020

01: Holy Mass at St. Joseph's Forane Church, Shimoga

02: Holy Mass at St. Joseph's Church, Perumpadavu

09: Holy Mass at St. Anne's Church, Muthinakoppa

12: KRCBC Meeting, Bangalore

13-20: CBCI Plenary Meeting, St. John's Medical College, Bangalore

22: KSMCA Annual Meeting, Belthangady

24: Beginning of Lent

## MARCH 2020

02-05: KRCBC Retreat for the Bishops of Karnataka region

08: Pastoral visit

# ಧರ್ಮಪ್ರಾಂತ್ಯದ ವಾರ್ತೆಗಳು

## ಧರ್ಮಪ್ರಾಂತ್ಯದ ದಿನ

ಭದ್ರಾವತಿ ಧರ್ಮಪ್ರಾಂತ್ಯದ 12ನೇ ವರ್ಷದ ಧರ್ಮಪ್ರಾಂತ್ಯ ದಿನದ ಆಚರಣೆಯು 2019ರ ಅಕ್ಟೋಬರ್ 26ಕ್ಕೆ ಬೋಧನಾ ಪಾಸ್ಟರಲ್ ಸೆಂಟರಿನಲ್ಲಿ ಅತಿ ವಂದನೀಯ ಜೋಸೆಪ್ ಅರುಮಚ್ಚಾಡತ್ ಧರ್ಮಾಧ್ಯಕ್ಷರ ಅಧ್ಯಕ್ಷತೆಯಲ್ಲಿ ನಡೆಸಲಾಯಿತು. ವಂದನೀಯ ತೋಮಸ್ ಕುಳತ್ತಿಂಗಲ್ ಗುರುಗಳು ಪರಮಪ್ರಸಾದದ ಆರಾಧನೆಯನ್ನು ನಡೆಸಿಕೊಟ್ಟರು. ರಾಮನಾಥಪುರ ಧರ್ಮಪ್ರಾಂತ್ಯದ ಅತಿ ವಂದನೀಯ ಪೋಳ್ ಆಲಪ್ಪಾಟ್ ಧರ್ಮಾಧ್ಯಕ್ಷರು ದಿವ್ಯಬಲಿಪೂಜೆಯ ಮಧ್ಯದಲ್ಲಿ ಸುಸಂದೇಶ ಪ್ರವಚನ ನಡೆಸಿಕೊಟ್ಟರು. ಧರ್ಮ ಪ್ರಾಂತ್ಯದ ಇತರೆ ವಂದನೀಯ ಗುರುವೃಂದದವರು ದಿವ್ಯಬಲಿಪೂಜೆಯಲ್ಲಿ ಭಾಗವಹಿಸಿದರು.

ದಿವ್ಯಬಲಿಪೂಜೆಯ ನಂತರ ಅತಿ ವಂದನೀಯ ಅರುಮಚ್ಚಾಡತ್ ಧರ್ಮಾಧ್ಯಕ್ಷರ ಅಧ್ಯಕ್ಷತೆಯಲ್ಲಿ ನಡೆದ ಸಮ್ಮೇಳನವು ಪ್ರಾರ್ಥನೆಯೊಂದಿಗೆ ಪ್ರಾರಂಭವಾಯಿತು. ವಿಗಾರ್ ಜನರಾಳ್ ವಂದನೀಯ ಫ್ರಾನ್ಸೀಸ್ ಅಳ್ಳುಂಪುರಂ ಇವರು ಸರ್ವರನ್ನೂ ಸಭೆಗೆ ಸ್ವಾಗತಿಸಿದರು. ವೈವಾಹಿಕ, ಪೌರೋಹಿತ್ಯ, ಸನ್ಯಾಸ ಜೀವನದಲ್ಲಿ ಜೂಬಿಲಿ ಆಚರಿಸುವವರನ್ನು ಸನ್ಮಾನಿಸಲಾಯಿತು. ಧರ್ಮೋಪದೇಶ, ಎಸ್ ಎಸ್ ಎಲ್ ಸಿ ಹಾಗೂ ಲೋಗೋಸ್ ಕ್ವಿಜ್ ಮತ್ತು ಇತರೆ ಕ್ಷೇತ್ರಗಳಲ್ಲಿ ಗುರುತಿಸಿಕೊಂಡವರನ್ನು ಸನ್ಮಾನಿಸಲಾಯಿತು. ಎನ್. ಆರ್. ಪುರ ಪಟ್ಟಣ ಪಂಚಾಯ್ತಿಯ ಮುಖ್ಯಾಧಿಕಾರಿ ಶ್ರೀ ಕುರಿಯಾಕೋಸ್ ಚಿರಕ್ಕಲ್ ಶುಭಾಷಯಗಳನ್ನು ಕೋರಿದರು. ಮಾರ್ ಪೋಳ್ ಆಲಪ್ಪಾಟ್

ಅನುಗ್ರಹ ಪ್ರವಚನ ನಡೆಸಿಕೊಟ್ಟರು. ಪಾಸ್ಟರಲ್ ಕೌನ್ಸಿಲ್ ಕಾರ್ಯದರ್ಶಿ ಶ್ರೀ ಜೋಮಿ ಮಾಥ್ಯು ಎಲ್ಲರಿಗೂ ವಂದನೆಯನ್ನು ಸಲ್ಲಿಸಿದರು. ಮಧ್ಯಾಹ್ನದ ಭೋಜನದೊಂದಿಗೆ ಎಲ್ಲರೂ ಹಿಂದಿರುಗಿದರು.

## 2019 ರ ಧರ್ಮಪ್ರಾಂತ್ಯ ದಿನದಲ್ಲಿ ಸನ್ಮಾನಿಸಲ್ಪಟ್ಟವರು

### GOLDEN JUBILLE OF WEDDING ANNIVERSARY

1. Arulraj& Maria Ronikyam, Plavilaputhenveed, Masthikatte
2. Poulose& Cecily, Kottackal, NR Pura

## GOLDEN JUBILEE OF RELIGIOUS PROFESSION

1. Rev. Sr. Rosalia S.H
2. Rev. Sr. CharlsS.H

## SILVER JUBILEE OF PRIESTLY ORDINATION

1. Rev. Fr. Thomas Kulathunkal
2. Rev. Fr. BijuMeempuzha, mcbs

## SILVER JUBILEE OF RELIGIOUS PROFESSION

1. Rev. Sr. Shanthi Paul S.H
2. Rev. Sr. Jiss Maria FCC

## CATECHISM TOPPERS OF THE YEAR 2019

1. Shreya Xavier Kannukadan – VII, NRPura
2. Suma Paul Kandamkulathy – X, NRPura
3. PreethiJomonKolamkanny – XII, Shimoga

## SSLC EXAM TOPPER OF THE YEAR 2019

Suma Paul Kandamkulathy, NRPura

## BEST SUNDAY SCHOOL OF THE YEAR 2018-19

St. Nobert Church, Koppa

## LOGOS QUIZ DIOCESAN TOPPER OF THE YEAR 2018

Mrs. ShaliniVellarigattu, Shetttikoppa

## SPECIAL ACHIEVEMENTS

1. Joseph John (Shimoga)
   National Eligibility cum Entrance Test, (All India Rank-538, State Rank-18)
2. SujithaStanyChamakala (Induvally)
   Master's in Media and Marketing, (First rank with Gold Medal from Delhi University)

## ಗುರುವೃಂದದವರ ಸಮ್ಮೇಳನ

2019 ರ ನವೆಂಬರ್ 14 ರಂದು ಬೋಧನಾ ಪಾಸ್ಟರಲ್ ಸೆಂಟರಿನಲ್ಲಿ ನಡೆದ ಗುರುವೃಂದದವರ ಸಮ್ಮೇಳನವನ್ನು ಫಾ. ಆಂಡಣಿ ಓಡಕ್ಕಲ್ ಇವರ ಪ್ರಾರ್ಥನೆಯೊಂದಿಗೆ ಪ್ರಾರಂಭಿಸಲಾಯಿತು. ವಿಗಾರ್ ಜನರಾಳ್ ರೆ.ಫಾ. ಫ್ರಾನ್ಸೀಸ್ ಅಳ್ಳುಂಪುರಂ ಎಲ್ಲರನ್ನೂ ಸ್ವಾಗತಿಸಿದರು. ಈ ವರ್ಷ ಹೊಸದಾಗಿ ಗುರುದೀಕ್ಷೆ ಸ್ವೀಕರಿಸುವವರ ಸಮಾರಂಭಕ್ಕೆ ಎಲ್ಲರನ್ನೂ ಸ್ವಾಗತಿಸಲಾಯಿತು. ಧಮಾಪ್ರಾಂತ್ಯದ ವೈಸ್ ಛಾನ್ಸಲರ್ ಫಾದರ್ ಟಿನೊ ವೆಳ್ಳಾರಂಕಾಲಯಿಲ್ ವರದಿ ವಾಚಿಸಿದರು. ವಂದನೀಯ ಧರ್ಮಾಧ್ಯಕ್ಷರ ನಿರ್ದೇಶನದಂತೆ ವಿವಿಧ ಧರ್ಮಕೇಂದ್ರಗಳಲ್ಲಿ ಸೇವೆ ಸಲ್ಲಿಸುತ್ತಿರುವ ಗುರುವೃಂದದವರು ತಮ್ಮ ಧರ್ಮಕೇಂದ್ರದಲ್ಲಿನ ಕಾರ್ಯಪ್ರವೃತ್ತಿಗಳ ಕುರಿತು ಚರ್ಚೆ ನಡೆಸಿಕೊಟ್ಟರು. ಸಭೆಯಲ್ಲಿ ಚರ್ಚಿಸಿ ತೀರ್ಮಾನಿಸಿದ ವಿಷಯಗಳನ್ನು ಕೆಳಗೆ ನೀಡಲಾಗಿದೆ.

1. ಮುಂದಿನ ಪಾಸ್ಟರಲ್ ಕೌನ್ಸಿಲ್ ಸಭೆಯನ್ನು ಡಿಸೆಂಬರ್ 14 ರಂದು ನಡೆಸಲಾಗುವುದು.
2. ಶುಭಸಂದೇಶದ ಪ್ರಚಾರಕ್ಕೆ ನಮ್ಮ ಜನರಲ್ಲಿ ತಿಳುವಳಿಕೆ ಉಂಟುಮಾಡಲು 2020ರ ಮಾಸಿಕ ಧ್ಯಾನಕೂಟಗಳಲ್ಲಿ ಇದಕ್ಕೆ ಸಂಬಂಧಿಸಿದ ವಿಷಯಗಳನ್ನು ಕುರಿತು ಧ್ಯಾನ ವಿಷಯ ಮಾಡಲು ತೀರ್ಮಾನಿಸಲಾಯಿತು.
3. ಪ್ರತಿ ಧರ್ಮಕೇಂದ್ರಗಳಲ್ಲಿಯೂ ತಿಂಗಳಿಗೊಮ್ಮೆ ಕನ್ನಡದಲ್ಲಿ ದಿವ್ಯ ಬಲಿಪೂಜೆಯನ್ನು ನಡೆಸಲು ತೀರ್ಮಾನಿಸಲಾಯಿತು.
4. ಪ್ರತಿ ಧರ್ಮಕೇಂದ್ರಗಳಲ್ಲಿನ ತಿಂಗಳ ಆಯವ್ಯಯದ ವರದಿಯನ್ನು ಧರ್ಮಪ್ರಾಂತ್ಯದಲ್ಲಿ ಸಲ್ಲಿಸಲು ಸೂಚಿಸಲಾಯಿತು. ಹಾಗೂ ವಿಗಾರ್ ಜನರಾಳ್ ಮತ್ತು ಹಣಕಾಸಿನ ಅಧಿಕಾರಿಗಳು ಅಗತ್ಯ ಬಿದ್ದಾಗ ಧರ್ಮಕೇಂದ್ರಗಳಿಗೆ ಭೇಟಿ ನೀಡುವರು.
5. ವಾರ್ಷಿಕ ಧ್ಯಾನದ ಖರ್ಚಿಗಾಗಿ ಪ್ರತಿಯೊಬ್ಬ ಗುರುಗಳು ನಾಲ್ಕು ದಿವ್ಯಬಲಿಪೂಜೆಗಳನ್ನು ಧರ್ಮಾಧ್ಯಕ್ಷರ ನಿಯೋಗಕ್ಕಾಗಿ ಸಮರ್ಪಿಸಬೇಕು.
6. ಪಾಪನಿವೇದನೆಯ ಪತ್ತೇಂದಿ ಧರ್ಮಪ್ರಾಂತ್ಯದ ಎಲ್ಲಾ ಗುರುವೃಂದದವರಿಗೂ ನೀಡಲಾಗುವುದು ಎಂದು ತಿಳಿಸಲಾಯಿತು.

ವಿಗಾರ್ ಜನರಾಳ್ ಫಾ. ಕುರಿಯಾಕೋಸ್ ಮುಂಡಪ್ಲಾಕಲ್ ಇವರ ವಂದನೆಯೊಂದಿಗೆ ಸಭೆಯನ್ನು ಮುಕ್ತಾಯಗೊಳಿಸಲಾಯಿತು.

## ಪಾಸ್ಟರಲ್ ಕೌನ್ಸಿಲ್

2019 ರ ಡಿಸೆಂಬರ್ 14ರಂದು ಬೆಳಗ್ಗೆ 10–00 ಗಂಟೆಗೆ 4ನೇ ಪಾಸ್ಟರಲ್ ಕೌನ್ಸಿಲ್‌ನ 5ನೇ ಸಭೆಯು

ಸಿ. ಉಷ ಸಿ.ಎಂ. ಸಿ ಯವರ ಪ್ರಾರ್ಥನೆಯೊಂದಿಗೆ ಪ್ರಾರಂಭವಾಯಿತು. ವಿಗಾರ್ ಜನರಾಳ್

ರೆ. ಫಾ.ಕುರಿಯಾಕೋಸ್ ಎಲ್ಲರನ್ನೂ ಸ್ವಾಗತಿಸಿದರು. ರೆ.ಫಾ. ಜೋಸೆಫ್ ಚೆರಿಯಂಪ್ಲಾಟ್ ತರಗತಿಗಳನ್ನು ನಡೆಸಿಕೊಟ್ಟರು. ಶ್ರೀ ಜೋಮಿ ಮಾಥ್ಯು ವರದಿ ವಾಚಿಸಿದರು. ನಂತರ ನಡೆದ ಚರ್ಚೆಯಲ್ಲಿ ಈ ಕೆಳೆಗೆ ನೀಡಿದ ವಿಷಯಗಳನ್ನು ತೀರ್ಮಾನಿಸಲಾಯಿತು.

1. ಸುಸಂದೇಶದ ಪ್ರಚಾರಕ್ಕಾಗಿ ಒಂದು ತಂಡಕ್ಕೆ ತರಬೇತಿ ನೀಡುವುದು.
2. ಮಿಷನ್ ಬಗ್ಗೆ ಜನರಲ್ಲಿ ಜಾಗೃತಿ ಮೂಡಿಸಲು ಮಿಷನ್ ಧರ್ಮಪ್ರಾಂತ್ಯಕ್ಕೆ ಪ್ರೇಷಿತ ಯಾತ್ರೆ ಕೈಗೊಳ್ಳುವುದು.
3. ಪ್ರತಿ ಧರ್ಮಕೇಂದ್ರಗಳಲ್ಲಿಯೂ ತಿಂಗಳಿಗೊಮ್ಮೆ ಕನ್ನಡದಲ್ಲಿ ದಿವ್ಯ ಬಲಿಪೂಜೆಯನ್ನು

ನಡೆಸಲು ತೀರ್ಮಾನಿಸಲಾಯಿತು.

## ಪ್ರತ್ಯೇಕ ವಸೂಲಿಗಳು

1. ಧರ್ಮಪ್ರಾಂತ್ಯದ ವಿಧ್ಯಾಭ್ಯಾಸ ನಿಧಿ: 2019 ಡಿಸೆಂಬರ್ 25
2. ಸೀರೋ ಮಲಬಾರ್ ಪ್ರೇಷಿತ ವಾರದ ನಿಧಿ:2020ಜನವರಿ 12
3. ತಿರುಬಾಲ ಸಖ್ಯ ದಿನ: 2020ಫೆಬ್ರವರಿ 16

**ರೆ.ಫಾ. ಫ್ರಾನ್ಸಿಸ್ ಅಳ್ಳುಂಪುರಂ**

ವಿಗಾರ್ ಜನರಾಳ್.

# JUBILARIANS

## GOLDEN JUBILLE OF WEDDING ANNIVERSARY

1 Arulraj & Maria Ronikyam, Plavilaputhenveed

2 Poulose & Cecily Kottackal

## GOLDEN JUBILEE OF RELIGIOUS PROFESSION

1 Rev. Sr. Rosalia S.H

2 Rev. Sr. Charls S.H

## SILVER JUBILEE OF PRIESTLY ORDINATION

1 Rev. Fr. Thomas Kulathunkal

2 Rev. Fr. Biju Meempuzhamcbs

## SILVER JUBILEE OF RELIGIOUS PROFESSION

1 Rev. Sr. Jiss Maria FCC

2 Rev. Sr. Shanthi Paul S.H




**GOLDEN JUBILEE OF RELIGIOUS PROFESSION**




GOLDEN JUBILEE OF WEDDING ANNIVERSARY




GOLDEN JUBILEE OF WEDDING ANNIVERSARY



SILVER JUBILEE OF PRIESTLY ORDINATION



SILVER JUBILEE OF RELIGIOUS PROFESSION